# ബജറ്റ് പ്രസംഗം

## 2012 - 2013

ശ്രീമതി ഭദ്ര ബി.

ഡെപ്യൂട്ടി മേയർ

2012 മാർച്ച് 27

കൊച്ചി നഗരസഭ

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 11 |
| 2. | 2011-2012-ലെ പുതുക്കിയ ബജറ്റും 2012-2013-ലെ ബജറ്റ് നിർദ്ദേശവും | 13 |
| 3. | നഗരസഭയുടെ മുഖച്ഛായ മാറ്റുന്ന ബൃഹദ് പദ്ധതി | 14 |
| 4. | മാസ്റ്റർപ്ലാൻ | 14 |
| 5. | ഇ-ഗവേർണൻസ് (E-Governance) | 15 |
| 6. | യൂനിഫൈഡ് മെട്രോപൊളീറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.) | 17 |
| 7. | സിറ്റി ഡവലപ്മെന്റ് പ്ലാൻ (സി.ഡി.പി) പരിഷ്കരിക്കും | 17 |
| 8. | ഗതാഗതം | 18 |
| 9. | റോഡുകൾ | 18 |
| 10. | തമ്മനം-പുല്ലേപ്പടി റോഡ് | 19 |
| 11. | എസ്.എ. റോഡ് വെസ്റ്റ് എക്സ്റ്റൻഷൻ | 19 |
| 12. | എം.ജി. റോഡ് - സീ പോർട്ട്-എയർപോർട്ട് റോഡ് | 19 |
| 13. | തീരദേശ റോഡ് | 20 |
| 14. | ഗോശ്രീ-അഞ്ചുമന റോഡ് | 20 |
| 15. | പള്ളുരുത്തി 40 അടി റോഡ് | 20 |
| 16. | തേവര-തൈക്കൂടം ബണ്ട് റോഡ് | 20 |
| 17. | വൈറ്റില-കണിയാമ്പുഴ റോഡ് | 20 |
| 18. | നോർത്ത്-സൗത്ത് കോറിഡോർ | 21 |
| 19. | മറ്റ് പ്രധാന റോഡുകൾ | 21 |
| 20. | റോഡ് നിർമ്മാണവും പരിപാലനവും 5 വർഷം ഗ്യാരണ്ടിയോടെ | 21 |

| | | |
|---|---|---|
| 21. | സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ 13 റോഡുകൾ നവീകരിക്കും | 22 |
| 22. | കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) പദ്ധതികൾ | 22 |
| 23. | മോഡൽ റോഡ് | 22 |
| 24. | പാലങ്ങൾ | 23 |
| 25. | റെയിൽവേ ഓവർ ബ്രിഡ്ജുകൾ | 23 |
| 26. | മെട്രോ റെയിൽ | 24 |
| 27. | സബർബൻ റെയിൽ | 24 |
| 28. | ജലഗതാഗതം | 24 |
| 29. | ഹോവർ ക്രാഫ്റ്റ് സർവ്വീസ് | 25 |
| 30. | ഫോർട്ട് കൊച്ചിയിൽ നിന്ന് ഹൈക്കോർട്ടിലേക്ക് ഫെറി സർവ്വീസ് | 25 |
| 31. | ഫോർട്ട്കൊച്ചി-വൈപ്പിൻ ജങ്കാർ സർവ്വീസ് | 25 |
| 32. | വെള്ളക്കെട്ട് | 26 |
| 33. | കനാലുകൾ | 27 |
| 34. | കനാൽ സംരക്ഷണം | 28 |
| 35. | കനാൽ ജല ശുദ്ധീകരണത്തിന് ആധുനിക സംവിധാനം | 28 |
| 36. | പേരണ്ടൂർ-തേവര കനാൽ | 29 |
| 37. | നവീകരിക്കുന്ന മറ്റ് കനാലുകൾ | 29 |
| 38. | ഖരമാലിന്യ സംസ്ക്കരണം | 29 |
| 39. | ബ്രഹ്മപുരം പ്ലാന്റിന്റെ അപ്ഗ്രഡേഷൻ | 29 |
| 40. | ബ്രഹ്മപുരത്ത് സർക്കാർ സഹായത്തോടെ പുതിയ പ്ലാന്റ് | 30 |
| 41. | ആർ.ഡി.എഫ്. പ്ലാന്റ് | 30 |
| 42. | ബ്രഹ്മപുരത്തിന് വിഷൻ പ്ലാൻ | 30 |
| 43. | മാലിന്യം നിക്ഷേപം-സർവ്വൈലെൻസ് ക്യാമറ | 31 |

| | | |
|---|---|---|
| 44. | എല്ലാ കോഴിക്കടകളിലും ബയോ ഗ്യാസ് പ്ലാന്റ് | 31 |
| 45. | മട്ടാഞ്ചേരി അറവുശാല | 31 |
| 46. | ശുചിത്വവർഷം | 31 |
| 47. | ശുചിത്വബോധവത്ക്കരണ പദ്ധതി | 32 |
| 48. | സീറോ വേസ്റ്റ് പദ്ധതി | 33 |
| 49. | പ്ലാസ്റ്റിക് മാലിന്യ ശേഖരണ കേന്ദ്രങ്ങൾ | 33 |
| 50. | പ്ലാസ്റ്റിക് റീ-പ്രോസ്സസിംഗ് പ്രോഗ്രാം | 33 |
| 51. | സ്വീവേജ് പ്ലാന്റ് | 34 |
| 52. | മിനി സ്വീവേജ് പ്ലാന്റുകൾ | 34 |
| 53. | സോണൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റ് | 35 |
| 54. | കൊതുകു നിവാരണ പ്രവർത്തനങ്ങൾ | 35 |
| 55. | കുടിവെള്ളം | 36 |
| 56. | ജലദൗർലഭ്യത്തിന് പരിഹാരമായി കുഴൽ കിണറുകൾ | 37 |
| 57. | വരുമാന വർദ്ധന-നികുതി ചോർച്ച | 37 |
| 58. | ആസ്തി തിട്ടപ്പെടുത്തൽ | 38 |
| 59. | സിറ്റി ഡവലപ്മെന്റ് സ്പെഷൽ ഫണ്ട് | 38 |
| 60. | സ്ഥാപനങ്ങളുടെ രജിസ്ടേഷൻ നിർബന്ധമാക്കും | 39 |
| 61. | വാടക പുനഃനിർണ്ണയം | 39 |
| 62. | ഓണർഷിപ്പ് റീ-അസസ്സ്മെന്റ് | 39 |
| 63. | സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക പിരിക്കൽ | 40 |
| 64. | പ്രൊഫഷണൽ ടാക്സ് | 40 |
| 65. | വസ്തു നികുതി | 40 |
| 66. | അനധികൃത നിർമ്മാണങ്ങൾക്കും ഉപയോഗത്തിനും എതിരെ കർശന നടപടി | 41 |

| | | |
|---|---|---|
| 67. | സിറ്റി ബ്യൂട്ടിഫിക്കേഷൻ പദ്ധതി | 41 |
| 68. | ജംഗ്ഷൻ ഇംപ്രൂവ്മെന്റ് | 42 |
| 69. | യൂണിഫോം ആന്റ് ഡിസൈൻഡ് ഫുട്ട്പാത്ത് | 42 |
| 70. | അണ്ടർഗ്രൗണ്ട് സർവ്വീസ് ഡക്ട് | 43 |
| 71. | എൽ.ഇ.ഡി. ലൈറ്റിംഗ് | 43 |
| 72. | ബസ്സ്റ്റാന്റുകൾ | 44 |
| 73. | ആധുനിക ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ | 44 |
| 74. | പരസ്യം പ്രദർശിപ്പിക്കുന്നതിന് പുതിയ ബൈലാ | 44 |
| 75. | പുതിയ പാർക്കിംഗ് പോളിസി | 44 |
| 76. | കെട്ടിടങ്ങളിലെ പാർക്കിംഗ് ഏരിയ | 45 |
| 77. | നഗരത്തിൽ പാർക്കിംഗ് പ്ലാസകൾ | 45 |
| 78. | മൊബിലിറ്റി ഹബ്ബ് റെയിൽ കണക്ടിവിറ്റി | 45 |
| 79. | നഗരപ്രവേശന കവാടം | 46 |
| 80. | കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് | 46 |
| 81. | കൊച്ചിൻ ഫസ്റ്റ് | 46 |
| 82. | കച്ചേരിപ്പടി ഐ.ടി. ഹബ്ബ് | 47 |
| 83. | പടിയാത്തുകുളത്ത് പുതിയ വാണിജ്യ കേന്ദ്രം | 47 |
| 84. | പരമാരയിൽ വിവിധോദ്ദേശ കെട്ടിട സമുച്ചയം | 47 |
| 85. | പർവ്വാനയിൽ ടൂറിസം ഫെസിലിറ്റി സെന്റർ | 47 |
| 86. | കൊച്ചിൻ ട്രേഡ് സെന്റർ | 48 |
| 87. | നഗരസഭ മെയിൻ ഓഫീസ് സമുച്ചയം | 48 |
| 88. | സിറ്റി ഗസ്റ്റ് ഹൗസ് | 48 |
| 89. | ഫാമിലിപാർക്കിൽ ലൈബ്രറി | 48 |
| 90. | സുഭാഷ് ചന്ദ്രബോസ് പാർക്ക് | 49 |
| 91. | ഫോർട്ട്കൊച്ചി നെഹ്റു പാർക്ക് | 49 |

| | | |
|---|---|---|
| 92. | ഹെർഷെൽസ് വാക്ക് | 50 |
| 93. | വൈറ്റില കുന്നറ പാർക്ക് - മൊബിലിറ്റി ഹബ് ടൂറിസം പദ്ധതി | 50 |
| 94. | ചിലവന്നൂർ കായലിൽ ബോട്ട് ക്ലബ്ബ് | 50 |
| 95. | ഫാസ്റ്റ് ട്രാക്ക് ഇംപ്ലിമെന്റേഷൻ സിസ്റ്റം | 50 |
| 96. | എച്ച്.ആർ.ഡി. വിംഗ് | 51 |
| 97. | ഓഫീസിൽ ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കും | 51 |
| 98. | ഡിവിഷൻതല പ്ലാനിംഗ് ഫോറം | 51 |
| 99. | ഫൈൻ ആർട്ട്സ് അവന്യൂ | 52 |
| 100. | ഡി.ടി.പി. സ്കീംസ് | 52 |
| 101. | ബ്രോഡ്‌വെ-മാർക്കറ്റ് പദ്ധതി | 52 |
| 102. | മാക്കാപറമ്പ് സബ്‌വേ | 53 |
| 103. | ആരോഗ്യരംഗം | 53 |
| 104. | ഐ.എം.എ.യുമായി സഹകരിച്ചുകൊണ്ട് ആരോഗ്യപദ്ധതി | 53 |
| 105. | സൗജന്യ ഡയാലിസിസ് യൂണിറ്റ് | 54 |
| 106. | ഹോമിയൊ ആശുപത്രി | 54 |
| 107. | മുഴുവൻ ഡിവിഷനുകളിലും ഹോമിയോ ആശുപതികൾ | 54 |
| 108. | പൊതുടോയ്‌ലെറ്റുകൾ | 54 |
| 109. | വിദ്യാഭ്യാസം | 55 |
| 110. | സ്മാർട്ട് ക്ലാസ് റൂം | 55 |
| 111. | ബെസ്റ്റ് സ്ക്കൂൾ | 55 |
| 112. | മൈ സിറ്റി മൈ പ്രൈഡ് | 55 |
| 113. | കായികം | 56 |
| 114. | തോപ്പുംപടിയിൽ പുതിയ സ്റ്റേഡിയം | 56 |
| 115. | മേയേഴ്സ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് | 56 |
| 116. | എല്ലാവർക്കും നീന്തൽ പരിശീലനം | 56 |

| | | |
|---|---|---|
| 117. | കൊച്ചിൻ മാരത്തൺ | 56 |
| 118. | ക്യാച്ച് ദെം യംഗ് | 57 |
| 119. | എളമക്കര പ്ലേഗ്രൗണ്ട് | 57 |
| 120. | സ്പോർട്സ് ട്രെയിനിംഗ് സെന്റർ | 57 |
| 121. | സംസ്കാരം | 58 |
| 122. | മട്ടാഞ്ചേരി-ഫോർട്ട്കൊച്ചി യുനസ്കോ സഹായത്തോടുകൂടിയ ഹെറിറ്റേജ് പ്രോജക്ട് | 58 |
| 123. | ഓപ്പൺ എയർ തീയേറ്റർ | 59 |
| 124. | ലൈബ്രറികളുടെ നടത്തിപ്പ് | 59 |
| 125. | കൊച്ചിൻ സിറ്റി മ്യൂസിയം | 59 |
| 126. | സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം, പള്ളുരുത്തി | 59 |
| 127. | കൊച്ചി അന്താരാഷ്ട്ര ചലച്ചിത്രോത്സവം | 60 |
| 128. | പശ്ചിമകൊച്ചിയിൽ മൾട്ടിപ്ലക്സ് | 60 |
| 129. | കൊച്ചി ബിനാലെ | 60 |
| 130. | സോഷ്യൽ പോലീസിംഗ് | 60 |
| 131. | വനിതാ ഹോസ്റ്റൽ | 61 |
| 132. | മത്സ്യമേഖല | 61 |
| 133. | ഇൻഷ്വറൻസ് പദ്ധതി | 61 |
| 134. | ഉപകരണങ്ങൾ, വായ്പകൾ | 61 |
| 135. | മാർക്കറ്റുകൾ | 62 |
| 136. | ഫിഷ് ലാന്റിംഗ് സെന്റർ | 62 |
| 137. | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 62 |
| 138. | എല്ലാവർക്കും വീട് | 62 |
| 139. | എല്ലാവർക്കുംവീട്... എല്ലാവർക്കും വെള്ളം... | 63 |
| 140. | ലാൻഡ് ടെന്യൂർ | 63 |

| | | |
|---|---|---|
| 141. | അംഗനവാടികൾ | 63 |
| 142. | നഗരസഭ ‘സ്നേഹഭവനങ്ങൾ’ | 63 |
| 143. | രാജീവ് ആവാസ് യോജന (ആർ.എ.വൈ.) | 64 |
| 144. | ക്ലീൻ - ഹൈജിനിക് ഫുഡ് | 65 |
| 145. | പട്ടികജാതി വികസനം | 66 |
| 146. | വഴിവാണിഭം | 66 |
| 147. | വികലാംഗക്ഷേമം | 67 |
| 148. | വയോജനങ്ങളുടെ സംരക്ഷണം | 67 |
| 149. | ദാരിദ്ര്യ ലഘൂകരണം | 67 |
| 150. | ബി.എസ്.യു.പി. ഭവനപദ്ധതി | 68 |
| 151. | കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം | 69 |
| 152. | കൊച്ചി കഫേ കുടുംബശ്രീ | 69 |
| 153. | തൊഴിലധിഷ്ഠിത പരിശീലന പദ്ധതി | 69 |
| 154. | വീട്ടുവളപ്പിൽ പച്ചക്കറി തോട്ടം | 70 |
| 155. | ഡിസാസ്റ്റർ മാനേജ്മെന്റ് | 70 |
| 156. | നന്ദി | 70 |
| 157. | ഉപസംഹാരം | 71 |

ആരാധ്യനായ മേയർ, ബഹുമാന്യരായ സഭാംഗങ്ങളെ, ഉദ്യോഗസ്ഥരെ, മാധ്യമ പ്രതിനിധികളെ, സുഹൃത്തുക്കളെ,

2. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് പ്രധാന ചാലക ശക്തിയായി എന്നും വർത്തിച്ചിട്ടുള്ളത് കൊച്ചി നഗരമാണ്. കേരളത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും ഈ നഗരം നൽകിവരുന്ന നിസ്തുലമായ പങ്ക് ഏവരാലും അംഗീകരിക്കപ്പെട്ടതാണ്. നഗര പുരോഗതിയും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയും പരസ്പര പൂരകമായി വർത്തിക്കുന്ന ആധുനിക ലോക സാഹചര്യങ്ങളിൽ വികസനോന്മുഖമായ സുപ്രധാന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

3. രാജ്യം ഉറ്റുനോക്കുന്ന നഗരങ്ങളിലൊന്നാണ് നമ്മുടെ കൊച്ചി. പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമായി നിരവധി വൻ പദ്ധതികളാണ് കൊച്ചിയിലും പരിസരത്തുമായി ഇന്ന് നടപ്പിലായി വരുന്നത്. ഇവ ഇന്നുവരെ നഗരം ദർശിച്ചിട്ടില്ലാത്ത വികസനത്തിനും പുരോഗതിക്കും ഇടയാക്കും. വികസനത്തിനും പുരോഗതിക്കുമൊപ്പം തന്നെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും നിരവധി പുതിയ പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കേണ്ടതായും വരും.

4. അടിസ്ഥാന സൗകര്യ മേഖലയിൽ വൻ മുന്നേറ്റമാണ് കഴിഞ്ഞ ഒരു വർഷ കാലയളവിൽ ഈ കൗൺസിൽ നടത്തിയത്. കൗൺസിൽ അധികാരമേറ്റെടുക്കുമ്പോൾ ഗതാഗതയോഗ്യമല്ലാത്ത പരിതാപകരമായ അവസ്ഥയിലായിരുന്നു കൊച്ചിയിലെ ഏറെക്കുറെ എല്ലാ റോഡുകളും. ഇന്ന് റോഡുകളെല്ലാം വളരെ മെച്ചപ്പെട്ട നിലയിലാണ്. നഗരസഭയുടെ അക്ഷീണ പ്രയത്നത്തിനൊപ്പം സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റേയും മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായി ഡൽഹി മെട്രൊ റെയിൽ കോർപ്പറേഷന്റേയും പ്രത്യേക സഹായം റോഡുകളുടെ നവീകരണത്തിന് ലഭിച്ചിരുന്നു എന്ന വസ്തുത കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. കൊച്ചി നഗരത്തിലെ റോഡുകളുടെ പുനർ നിർമ്മാണത്തിനും വികസനത്തിനും പ്രത്യേക താത്പര്യമെടുത്ത മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരിനുള്ള കൗൺസിലിന്റെ അകൈതവമായ നന്ദി അറിയിക്കുന്നു.

5. നഗരജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ മാറ്റം പ്രകടമാണ്. എന്നിരുന്നാലും നിരവധി പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. അനുദിനമെന്നോണം, ജനജീവിതവും നഗരവികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സങ്കീർണ്ണതകളും ആവശ്യങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇവയെല്ലാം അർഹമായ രീതിയിൽ കൈകാര്യം ചെയ്യാനുള്ള വിഭവശേഷി, സാമ്പത്തികവും മനുഷ്യവിഭവ ശേഷിയും, നഗരസഭയ്ക്കില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. വിഭവശേഷിയുടെ പരിമിതിയാണ് പുതിയ വികസനപദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നഗരസഭയ്ക്ക് മുന്നിലുള്ള ഏറ്റവും വലിയ തടസ്സം. ശരിയായ രീതിയിലുള്ള പ്രോജക്ട് മാനേജ്മെന്റ്, ഫൈനാൻസ് മാനേജ്മെന്റ് എന്നിവയുടെ അഭാവവും നഗരസഭ ഏറ്റെടുത്ത് നടത്തുന്ന പരിപാടികളുടേയും പദ്ധതികളുടേയും നടത്തിപ്പിന് വിഘാതമായി മാറുന്നുണ്ട്.

6. ഈ പരിമിതികളെ മറികടക്കാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടുള്ള പദ്ധതികളും പരിപാടികളുമാണ് ബജറ്റ് മുന്നോട്ട് വെക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വിജയിച്ചിട്ടുള്ള പബ്ലിക്-പ്രൈവറ്റ് പാർട്ട്നർഷിപ്പ് മോഡലുകൾ പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കുക എന്നുള്ളതാണ് ഇതിൽ പ്രധാനം. ബജറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി നഗരത്തിന്റെ വികസനത്തിലും വളർച്ചയിലും നിസ്തുലമായ പങ്കുവഹിക്കുന്ന ഏറെക്കുറെ എല്ലാ സ്ഥാപനങ്ങളേയും സംഘടനകളേയും ക്ഷണിച്ചിരുന്നു. നഗരവികസനത്തിനായി ആവിഷ്ക്കരിക്കുന്ന എല്ലാ പദ്ധതികളിലും പരിപാടികളിലും പൂർണ്ണ പങ്കാളിത്തം ഇവർ വാഗ്ദാനം ചെയ്തിട്ടുണ്ട്. നഗരസഭയും ഈ സ്ഥാപനങ്ങളും സംഘടനകളും ചേർന്നുകൊണ്ടുള്ള പദ്ധതി നടത്തിപ്പ് ബജറ്റിന്റെ പ്രത്യേകതകളിലൊന്നായിരിക്കും. കൂടാതെ, ആന്യൂറ്റി സ്കീം, ഡെപ്പോസിറ്റ് വർക്ക് എന്നീ മാർഗ്ഗങ്ങളും പദ്ധതി നിർവ്വഹണത്തിനായി ഉപയോഗപ്പെടുത്തും.

7. നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് നൂതനമായ ആശയങ്ങളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും. കഴിഞ്ഞ 17 വർഷക്കാലമായി വസ്തു നികുതി ഇനത്തിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല

എന്നുള്ളത് ഇത്തരുണത്തിൽ ഞാൻ ഓർമ്മിപ്പിക്കട്ടെ. നികുതി-വരുമാന ചോർച്ച തടയുന്നതിന് അതിശക്തമായ നടപടികളുമായി നഗരസഭ മുന്നോട്ട് പോകും. വികസനവും പൊതുതാത്പര്യവും മുൻനിർത്തിയുള്ള ഈ നടപടികൾക്ക് മുഴുവൻ ജനങ്ങളുടേയും സഹകരണവും പിന്തുണയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

8. ബഹു. സംസ്ഥാന സർക്കാരിൽനിന്നും, കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്രസർക്കാരിൽനിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട മുഴുവൻ സാമ്പത്തിക സഹായവും ലഭ്യമാക്കിക്കൊണ്ട് നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകും. നഗരസഭയുടെ തനത് വരുമാന മാർഗ്ഗങ്ങളെമാത്രം ആശ്രയിച്ചുകൊണ്ട് ജനങ്ങൾ കാംക്ഷിക്കുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ സാധിക്കില്ല എന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ സിംഹഭാഗവും പ്രദാനം ചെയ്യുന്ന നഗരം എന്ന നിലയിൽ കൊച്ചിയുടെ വികസനത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് ബഹു. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

9. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് കൊച്ചി നഗരത്തിന്റെ ആസൂത്രിതമായ ഭാവി വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള, സർവ്വതോന്മുഖമായ വികസനം കാംക്ഷിക്കുന്ന മുഴുവൻ ജനങ്ങളുടേയും പ്രതീക്ഷകൾക്കൊത്ത പരിപാടികളും പദ്ധതികളും ഉൾക്കൊള്ളുന്ന, പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള, 2012-2013 സാമ്പത്തിക വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് വേണ്ടി ബഹുമാനപ്പെട്ട കൗൺസിൽ മുൻപാകെ അവതരിപ്പിക്കുന്നത്.

## 2011-2012-ലെ പുതുക്കിയ ബജറ്റും 2012-2013-ലെ ബജറ്റ് നിർദ്ദേശവും

10. 2011-12-ലെ 316,08,46,598/- രൂപ വരവും 294,99,03,370/- രൂപ ചെലവും 14,05,72,188/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന പുതുക്കിയ ബഡ്ജറ്റും.

11. 2012-13 ലേക്ക് 757,73,99,388/- രൂപ വരവും 731,93,30,600/- രൂപ ചെലവും 16,77,66,988/- രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് എസ്റ്റിമേറ്റ് കൗൺസിലിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## നഗരസഭയുടെ മുഖച്ഛായ മാറ്റുന്ന ബൃഹദ് പദ്ധതി

12. ജനങ്ങൾക്ക് മുന്നിൽ ദൃശ്യമാകുന്ന നഗരസഭയുടെ മുഖങ്ങളാണ് നഗര സഭ ഓഫീസ് സമുച്ചയങ്ങളും ഹെൽത്ത് സർക്കിൾ ഓഫീസുകളും ടൗൺ ഹാളുകളും മാർക്കറ്റുകളും പാർക്കുകളും ശ്മശാനങ്ങളും. കാലോചിതമായ മാറ്റങ്ങൾക്ക് നഗരസഭയുടെ ഈ സ്ഥാപനങ്ങളൊന്നും വിധേയമായിട്ടില്ല. സേവനരംഗത്ത് വന്നുകൊണ്ടിരിക്കുന്ന ഇ-ഗവേണൻസ് അടക്കമുള്ള ഭരണപരമായ മാറ്റങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളാൻ അതുകൊണ്ടു തന്നെ നമുക്ക് സാധിക്കുന്നില്ല. ഓഫീസുകളുടെ സേവനം ഉപയുക്തമാക്കുന്ന പൊതുജനങ്ങൾക്കോ ജീവനക്കാർക്കോ ആവശ്യമായ അടിസ്ഥാന സൗകര്യ ങ്ങളും ഈ ഓഫീസുകളിൽ ഇല്ല. ഭരണ നിർവ്വഹണരംഗത്ത് വന്നുകൊണ്ടിരി ക്കുന്ന ആധുനിക സാങ്കേതിക സംവിധാനങ്ങളടക്കമുള്ള മാറ്റങ്ങൾ പൂർണ്ണ മായും ഉൾക്കൊള്ളാൻതക്ക രീതിയിൽ ഈ ഓഫീസുകളേയും സ്ഥാപനങ്ങ ളേയും സജ്ജമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയുള്ള ഒരു ബൃഹദ് വിക സനപദ്ധതി പ്രഖ്യാപിക്കുന്നു.

13. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിശദമായ പദ്ധതി രേഖ തയ്യാറാക്കു ന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഫ്രാസ്ട്ര ക്ച്ചർ കേരള (ഇൻകെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തും. പദ്ധതി യുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് സംസ്ഥാനത്തെ നഗരങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി സം സ്ഥാന സർക്കാർ രൂപീകരിച്ച കേരള അർബൻ ആന്റ് റൂറൽ ഡെവപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) ൽനിന്നും വായ്പയായി എടുക്കും. നിർവ്വഹണ ചുമതല ഭാരതസർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ പ്രീ ഫാബിനെ ഏൽപ്പിക്കും.

14. ഈ ബൃഹദ് പദ്ധതിയുടെ പദ്ധതി രേഖ തയ്യാറാക്കുന്നതിലേക്കായി ബജറ്റിൽ 25 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

## മാസ്റ്റർപ്ലാൻ

15. 2005-ൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ നഗരസഭയുടേയും നഗരത്തിലെ പൗര പ്രമുഖരുടേയും നിരന്തരമായ അഭ്യർത്ഥന മാനിച്ച് കൊച്ചി

നഗരത്തിനായ് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള അനുമതി നഗരസഭയ്ക്ക് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും ചില പ്രത്യേക സാഹചര്യങ്ങളിൽ 2007-ഡിസംബറിൽ ഈ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ ടൗൺ പ്ലാനിംഗ് വിഭാഗത്തിന് കീഴിലേക്ക് തന്നെ മാറ്റുകയും ചെയ്തു. ഇതിനുശേഷം കൊച്ചി നഗരത്തിനായി തയ്യാറാക്കാനാരംഭിച്ച മാസ്റ്റർപ്ലാനിൽ അർബൻ അഗ്ലോമറേഷൻ റീജിയനെകൂടി ഉൾപ്പെടുത്തുകയും ഒരു 'കൊച്ചിൻ റീജിയൻ മാസ്റ്റർപ്ലാൻ' എന്ന രീതിയിൽ പുനർക്രമീകരണം നടത്തുകയും പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു. പ്രസ്തുത മാസ്റ്റർപ്ലാൻ പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കുമായി ഡ്രാഫ്റ്റ് രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

16. ഇതുമായി ബന്ധപ്പെട്ട ചർച്ചകളിൽ പ്രദേശത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളിലേയും അദ്ധ്യക്ഷന്മാർ മാസ്റ്റർപ്ലാനിൽ സമൂലമായ മാറ്റങ്ങൾ ആവശ്യപ്പെട്ടിരുന്നു. മാസ്റ്റർപ്ലാൻ തയ്യാറാക്കലിന്റെ ആരംഭഘട്ടത്തിൽ നഗരസഭയുമായി സഹകരിച്ച ഡൽഹിയിലെ സ്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ചറിന്റെ സഹായത്തോടെ ഇപ്പോൾ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പുനഃപരിശോധനയ്ക്കും വിലയിരുത്തലിനും വിധേയമാക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. ആയതിന്റെയെല്ലാം അടിസ്ഥാനത്തിൽ നഗരസഭ മുൻകൈയെടുത്ത് SPA, Delhi യുടെയും നമ്മുടെ നഗരത്തിലെ വിദഗ്ദ്ധരുടെയും സഹായത്തോടെ മാസ്റ്റർ പ്ലാനിൽ ആവശ്യമായ മാറ്റങ്ങളും കൂട്ടിച്ചേരലുകളും വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. കൊച്ചി നഗരത്തിന്റെ ദീർഘദൂര ഭാവി മുന്നിൽ കണ്ടുകൊണ്ടുള്ള, കൊച്ചിയുടെ പരിസ്ഥിതിക്കും സമൂഹ്യ കാഴ്ചപ്പാടിനും ഇണങ്ങുന്ന രീതിയിലുള്ള, ഒരു മാസ്റ്റർപ്ലാൻ എത്രയും പെട്ടന്നു തന്നെ തയ്യാറാക്കുവാൻ വേണ്ട നടപടികളുമായി നഗരസഭ മുന്നോട്ട് പോകും. ഈ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 35 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

## ഇ-ഗവേർണൻസ് (E-Governance)

17. നഗരസഭയിൽ ഇ-ഗവേർണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് JnNURM പദ്ധതിയിൽ ഉൾപ്പെടുത്തി 8.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ

4.35 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതവും 2.61 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവും 1.74 കോടി രൂപ കൊച്ചി നഗരസഭാ വിഹിതവുമാണ്. ഇതുവരെ 1.29 കോടി രൂപ പദ്ധതികൾക്കായി നഗരസഭ ചെലവഴിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൊച്ചി നഗരസഭയിൽനിന്നും ലഭ്യമാക്കേണ്ട സേവന ങ്ങൾ കാലതാമസം കൂടാതെ സുതാര്യമായി ഓൺലൈൻ സംവിധാനത്തോടു കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതികൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

18. രണ്ടു ഘട്ടങ്ങളായി പൂർത്തിയാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ 2011 മാർച്ചിലാണ് ആരംഭിച്ചത്. ആദ്യഘട്ടത്തിൽ പൊതുജനങ്ങൾക്ക് നഗരസഭ യിൽ നിന്നും ലഭിക്കേണ്ട സേവനങ്ങളും രണ്ടാം ഘട്ടത്തിൽ ഭരണ സാങ്കേ തികപരമായ സേവനങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നഗരസഭയുടെ വെബ്സൈറ്റിൽനിന്നും 2012 ജൂലായ്-ആഗസ്റ്റ് മാസം മുതൽ സേവനം ലഭ്യമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ജനന-മരണ വിവാഹ രജിസ്ട്രേഷൻ, വരവ്-ചെലവ് കണക്കുകൾ എന്നിവ യ്ക്കായുള്ള ഇൻഫർമേഷൻ കേരള മിഷൻ (IKM) ന്റെ സോഫ്റ്റ്വെയർ, കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള ഓൺലയിൻ സംവിധാനത്തിലുള്ള Auto DCR സോഫ്റ്റ്വെയർ എന്നിവയുമായി ഇന്റഗ്രേറ്റ് ചെയ്ത് കൊണ്ടാണ് പദ്ധ തി നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തിയാകുമ്പോൾ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, D&O Trade License, കൗൺസിൽ- കമ്മറ്റികൾ എന്നിവയുടെ അജണ്ട-മിനിറ്റ്സ്, കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ-പുതുക്കൽ, Occupancy Certificate, Ownership Certificate, കെട്ടിടനികുതി, മറ്റു നികുതി കൾ എന്നിവയുടെ അടക്കൽ, പരാതി പരിഹാരവും വിവരാവകാശവും, ടൗൺഹാൾ ബുക്കിംഗ്, ഫയൽ മോണിറ്ററിംഗ്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ്, പ്ലാൻ മോണിറ്ററിംഗ്, മറ്റ് പെർമിറ്റ്/ലൈസൻസ്/സർട്ടിഫിക്കറ്റ് എന്നിവ ഓൺ ലൈൻ സംവിധാനത്തിൽ ലഭിക്കും. രണ്ടാം ഘട്ടത്തിൽ ഭരണ സാങ്കേതിക പരമായ സേവനങ്ങളായ അക്കൗണ്ട്സ്, പെൻഷൻ, ആസ്തി, എഞ്ചിനീയ റിംഗ്, ലീവ്/ശമ്പള/സ്റ്റോർ എന്നിവയാണുൾപ്പെടുത്തിയിട്ടുള്ളത്.

19. മേൽ പറഞ്ഞ സംവിധാനങ്ങളോടുകൂടി പ്രസ്തുത ഇ-ഗവേർണൻസ് പദ്ധതി പൂർത്തിയാകുമ്പോൾ സേവനങ്ങളുടെ '24 x 7' എന്ന സ്വപ്നം കൊച്ചി നഗരസഭയിൽ സാക്ഷാത്ക്കരിക്കപ്പെടും.

## യൂനിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.)

20. കൊച്ചി നഗരം ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന് നഗരത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഒരു ഗതാഗത സംവിധാനത്തിന്റെ അഭാവമാണ്. ഗതാഗത സംവിധാനങ്ങളുടെ ഏകോപനമില്ലായ്മയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നഗരത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ബസ് റൂട്ടോ, ട്രെയിൻ-ബസ് കണക്ടിവിറ്റിയോ, ബോട്ട്-ബസ് കണക്ടിവിറ്റിയോ ഇന്ന് നിലവിലില്ല. നിരവധി എ.സി. ലോ ഫ്ളോർ ബസ്സുകൾ നഗരത്തിലോടുന്നുണ്ടെങ്കിലും അവയുടെ സമയക്രമമോ, റൂട്ട് മാപ്പോ ലഭ്യമല്ല. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമായാണ് ദേശീയ നഗര ഗതാഗത നയം അനുശാസിക്കുന്ന രീതിയിൽ ഇൻഡോർ അടക്കമുള്ള മറ്റ് ഇന്ത്യൻ നഗരങ്ങളിൽ നിലവിലുള്ള "യൂനിഫൈഡ് മെട്രൊപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.) കൊച്ചിയിൽ രൂപീകരിക്കുക എന്ന ആശയം മുന്നോട്ടുവെക്കുന്നത്. വ്യക്തമായ ഒരു മൊബിലിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ ഗതാഗത സംവിധാനങ്ങളെ ഒരു ട്രാഫിക് റെഗുലേഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുകയായിരിക്കും യു.എം.ടി.എ.യുടെ പ്രധാന പ്രവർത്തനങ്ങളിലൊന്ന്. കൊച്ചി നഗരം നേരിടുന്ന ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളിലൊന്നായാണ് യൂനിഫൈഡ് മെട്രൊപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ രൂപീകരണത്തെ നഗരസഭ കാണുന്നത്. യു.എം.ടി.എ യുടെ സംസ്ഥാപനത്തിന് മുൻകൈയെടുക്കുന്നതിന് ബഹു. സംസ്ഥാന സർക്കാരിനോടാവശ്യപ്പെടും.

## സിറ്റി ഡവലപ്മെന്റ് പ്ലാൻ (സി.ഡി.പി) പരിഷ്കരിക്കും

21. നിലവിലുള്ള സി.ഡി.പി. പരിഷ്ക്കരിക്കുന്നതിനായി ബഹു. കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കൊച്ചിൻ സിറ്റി ഡവലപ്മെന്റ് പ്ലാൻ പരിഷ്ക്കരിക്കുന്നതിന്, സർക്കാർ നിർദ്ദേശിച്ച രീതിയിൽ, എൻലിസ്റ്റ് ചെയ്ത കമ്പനികളെ പ്രവൃത്തി ഏല്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകും. ഈ ആവശ്യത്തിലേക്കായി ബജറ്റിൽ 3 കോടി രൂപ നീക്കിവെക്കുന്നു.

## ഗതാഗതം

22. ഗതാഗത രംഗത്ത് കൊച്ചി നഗരം നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. ശാസ്ത്രീയവും സമഗ്രവുമായ നിരവധി പഠന നിർദ്ദേശങ്ങൾ ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ കാലോചിതമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വകുപ്പുകൾക്കോ ഏജൻസികൾക്കോ സാധിച്ചിട്ടില്ല. കൊച്ചി നഗരത്തിനായുള്ള ഗതാഗത ആസൂത്രണ പദ്ധതികളിലെല്ലാം തന്നെ 'മൾട്ടി മോഡ് ട്രാൻസ്പോർട്ടേഷനാണ്' പ്രാധാന്യം നൽകിയിട്ടുള്ളത്. റോഡ് ഗതാഗതവും റെയിൽ ഗതാഗതവും പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് കൊച്ചിയെ സംബന്ധിച്ചിടത്തോളം ജലഗതാഗതവും. ഗതാഗതത്തിന്റേതായ ഈ മൂന്ന് മേഖലകളിലും, പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്, ആവശ്യമായ പദ്ധതികളും പരിപാടികളുമാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്.

## റോഡുകൾ

23. റോഡുകളാണ് നഗരജീവിതത്തിന്റെ ജീവനാഡികൾ. റോഡുകളുടെ ആധുനികവത്ക്കരണത്തിന് നഗരാസൂത്രണത്തിൽ ഇന്ന് ഏറെ ഊന്നൽ നൽകുന്നുണ്ട്. ആധുനിക രീതിയിൽ ഡിസൈൻ ചെയ്ത് നിർമ്മിച്ച റോഡുകളുടെ അപര്യാപ്തതയാണ് ഈ മേഖലയിൽ ഇന്ന് നഗരം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന്. പതിറ്റാണ്ടുകൾ പഴക്കമുള്ള പി.ഡബ്ല്യു.ഡി. മാന്വലാണ് വളരെ അടുത്ത കാലംവരെ നമ്മുടെ സംസ്ഥാനം പിന്തുടർന്നിരുന്നത്. റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് പ്രധാനകാരണങ്ങളിലൊന്ന് കാലോചിതമായി പരിഷ്കരിക്കാത്ത ഈ മാന്വലിനെ അടിസ്ഥാനമാക്കിയുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങളായിരുന്നു. യാഥാർത്ഥ്യം മനസ്സിലാക്കി ഈ മാന്വൽ പരിഷ്ക്കരിക്കുവാൻ മുന്നോട്ടുവന്ന ബഹു. സംസ്ഥാന സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുന്നു. വാഹനങ്ങളുടെ എണ്ണത്തിലും ഭാരത്തിലും വന്ന ക്രമാതീതമായ മാറ്റം താങ്ങുവാൻ നിലവിൽ നഗരത്തിലെ റോഡുകൾക്ക് സാധിക്കുന്നില്ല. കൊച്ചി നഗരത്തിലെ റോഡുകളുടെ ഈ പരിതാപകരമായ അവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹാര നിർദ്ദേശ രൂപീകരണത്തിനുമായാണ് കൊച്ചി നഗരസഭ 'കൊച്ചിൻ റോഡ് കോൺ

ക്ലേവ്' സംഘടിപ്പിച്ചത്. ഡൽഹിയിലെ സെൻട്രൽ റോഡ് റിസേർച്ച് ഇൻസ്റ്റിട്യൂട്ടിൽ നിന്നുള്ളവരടക്കമുള്ള രാജ്യത്തെ ഏറ്റവും പ്രമുഖരായ വിദഗ്ദ്ധന്മാരാണ് റോഡ് കോൺക്ലേവിൽ പങ്കെടുത്തത്. കൊച്ചിയിലെ മുഴുവൻ റോഡുകളും 'മോഡേൺ ഡിസൈനർ' റോഡുകൾ ആക്കി മാറ്റുക, വൈറ്റ് സർഫസിംഗ് ചെയ്യുക, കോൺക്രീറ്റിംഗ് ചെയ്യുക, റോഡ് നിർമ്മാണത്തിനുള്ള ഫണ്ടിനായി ആന്യൂറ്റി മോഡലുകൾ സ്വീകരിക്കുക എന്നിവയാണ് ഈ കോൺക്ലേവിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങളിൽ ചിലത്. സുസ്ഥിരമായ നിലനിൽപ്പിന് റോഡുകൾ ആധുനികവത്ക്കരിക്കുക മാത്രമാണ് ഏക പോംവഴി. ഇവയടക്കം റോഡ് കോൺക്ലേവിലുയർന്ന മുഴുവൻ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കി ബഹു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ചിട്ടുണ്ട്.

### തമ്മനം-പുല്ലേപ്പടി റോഡ്

24. പത്മ മുതൽ കതൃക്കടവ് വരെയുള്ള ഒന്നാം ഘട്ട സ്ഥലമെടുപ്പ് അടിയന്തിരമായി പൂർത്തീകരിക്കും. സ്ഥലമെടുപ്പ് പൂർത്തിയായാലുടൻ പണി ആരംഭിക്കും. സ്ഥലം ഏറ്റെടുപ്പ് സുഗമമാക്കുന്നതിന് കൂടുതൽ ഫ്ളോർ ഏരിയ റേഷ്യോ (എഫ്.എ.ആർ.) അനുവദിക്കുകയും ട്രാൻസ്ഫർ ഓഫ് ഡെവലപ്മെന്റ് റൈറ്റ് (ടി.ഡി.ആർ.) ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യും. സ്ഥലമെടുപ്പിനും റോഡ് നിർമ്മാണത്തിനുമായി ബഹു. സംസ്ഥാന സർക്കാർ 25 കോടി രൂപ അനുവദിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

### എസ്.എ. റോഡ് വെസ്റ്റ് എക്സ്റ്റൻഷൻ

25. പള്ളിമുക്ക് മുതൽ ഫൈൻ ആർട്സ് വരെയുള്ള ഭാഗത്ത് 22 മീറ്റർ വീതിയായി റോഡ് വികസിപ്പിക്കാൻ നടപടി എടുക്കും. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ടിനായി സർക്കാർ സഹായം തേടും.

### എം.ജി. റോഡ് - സീ പോർട്ട്-എയർപോർട്ട് റോഡ്

26. എം.ജി റോഡിൽ പത്മ ജംഗ്ഷനിൽ തുടങ്ങി പുല്ലേപ്പടി തമ്മനം വഴി എൻ.എച്ച് ബൈപ്പാസ് ക്രോസ് ചെയ്ത് സീ പോർട്ട്-എയർപോർട്ട്

റോഡുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തും. ഇതിനായി സംസ്ഥാന സർക്കാരിന്റെ സഹായം തേടും.

## തീരദേശ റോഡ്

27. ഹൈക്കോടതി - ഗോശ്രീ റോഡിന്റെ തുടർച്ചയായി ചാത്യാത്ത് പള്ളി മുതൽ കണ്ടൈനർ റോഡ് വരെ പുതിയ റോഡ് നിർമ്മിക്കും. ഇതിനുള്ള ഡി.പി.ആർ. ഉടനടി തയ്യാറാക്കും.

## ഗോശ്രീ-അഞ്ചുമന റോഡ്

28. ഗോശ്രീ മുതൽ അഞ്ചുമന വഴി ബൈപാസിലെത്തുന്ന പുതിയ റോഡിന്റെ ഗോശ്രീ മുതൽ പൊറ്റക്കുഴി വരെയുള്ള ഒന്നാം ഘട്ട പ്രവർത്തനം പൂർത്തീകരിക്കും.

## പള്ളുരുത്തി 40 അടി റോഡ്

29. പശ്ചിമകൊച്ചിയിലെ ഏറ്റവും പ്രധാന റോഡുകളിലൊന്നായ പള്ളുരുത്തി 40 അടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. നമ്പ്യാപുരം മുതൽ പെരുമ്പടപ്പ് വരെയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ച് റോഡ് പണി ഈ വർഷം തന്നെ പൂർത്തിയാക്കും. സ്ഥലമെടുപ്പിനായി സംസ്ഥാന സർക്കാർ 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## തേവര-തൈക്കൂടം ബണ്ട് റോഡ്

30. സഹോദരൻ അയ്യപ്പൻ റോഡിന് സമാന്തരമായി നിർമ്മാണം ആരംഭിച്ച തേവര-തൈക്കൂടം ബണ്ട് റോഡിന്റെ നിർമ്മാണത്തിലെ തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തീകരിക്കുവാൻ ജി.സി.ഡി.എ.യുമായി സഹകരിച്ച് പ്രവർത്തിക്കും.

## വൈറ്റില-കണിയാമ്പുഴ റോഡ്

31. വൈറ്റില-കണിയാമ്പുഴ റോഡ് വീതികൂട്ടി സീ പോർട്ട്-എയർപോർട്ട് റോഡുമായി ബന്ധിപ്പിക്കും.

## നോർത്ത്-സൗത്ത് കോറിഡോർ

32. നോർത്ത് റെയിൽവേ സ്റ്റേഷനേയും സൗത്ത് റെയിൽവേ സ്റ്റേഷനേയും ബന്ധിപ്പിച്ചുകൊണ്ട് റെയിൽ പാളത്തിന് സമാന്തരമായി പടിഞ്ഞാറ് വശത്ത് കൂടി നിലവിലുള്ള റോഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് നിർമ്മാണം ഭാഗികമായി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി റോഡിന്റെ അലൈൻമെന്റ് സ്കെച്ചും ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് കിറ്റ്കൊയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ റോഡിന്റെ നിർമ്മാണം പി.പി.പി. മോഡലിൽ ഏറ്റെടുത്ത് നടത്തുന്നതിന് കേരള ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി അടക്കമുള്ള സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കും.

## മറ്റ് പ്രധാന റോഡുകൾ

33. ആർ. മാധവൻ നായർ റോഡ്, ഇടക്കൊച്ചി-ഇന്ദിരാഗാന്ധി റോഡ്, രാമേശ്വരം വെസ്റ്റ് പദ്ധതി റോഡ്, ഇടക്കൊച്ചി-തോപ്പുംപടി ഫോർഷോർ റോഡ്, ഫോർട്ട് കൊച്ചി-ബീച്ച് റോഡ്, പോണേക്കര ബണ്ട് റോഡ്, ഗാന്ധിനഗർ- കണിയാംപുഴ റോഡ്, ദേശാഭിമാനി റോഡ്, പാരഡൈസ് റോഡ്, പള്ളിച്ചാൽ റോഡ് എന്നീ റോഡുകളുടേയും നിർമ്മാണ നവീകരണ പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കും.

## റോഡ് നിർമ്മാണവും പരിപാലനവും 5 വർഷം ഗ്യാരണ്ടിയോടെ

34. റോഡുകളുടെ നിർമ്മാണവും പരിപാലനവും 5 വർഷം ഗ്യാരണ്ടിയോടെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള കോൺട്രാക്ട് നൽകുന്നതിന് തീരുമാനിക്കും. ഇതിനായി ബി.എം & ബി.സി. മെത്തേഡ് ഉപയോഗിക്കും. ഈ വർഷം 3 റോഡുകൾ ഈ രീതിയിൽ നവീകരിക്കും. സുഭാഷ് ചന്ദ്രബോസ് റോഡ്, ചിറ്റൂർ റോഡ് സൗത്ത് എക്സ്റ്റെൻഷൻ, വാറുവൈദ്യർ റോഡ് എന്നിവയാണ് 5 വർഷം ഗ്യാരണ്ടിയോടെ ഈ വർഷം പുതുക്കി പണിയുന്ന റോഡുകൾ.

35. മേൽ സൂചിപ്പിച്ച മുഴുവൻ റോഡുകളുടേയും നിർമ്മാണത്തിനും നവീകരണത്തിനും സ്ഥലമേറ്റെടുപ്പിനുമായി ബജറ്റിൽ 10 കോടിയുടെ അധിക തുക വകയിരുത്തുന്നു.

## സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ 13 റോഡുകൾ നവീകരിക്കും

36. സംസ്ഥാന സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ നഗരത്തിലെ പ്രധാനപ്പെട്ട 13 റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കും. 5 വർഷം ഗ്യാരണ്ടിയോടുകൂടി ബി.എം & ബി.സി. മെത്തേഡിലൂടെയാണ് ഈ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) പദ്ധതികൾ

37. കേരള റോഡ് ഫണ്ട് ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 356 കോടി രൂപ ചെലവ് വരുന്ന 'കൊച്ചിൻ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടി' ന്റെ ഒന്നാംഘട്ട പദ്ധതികൾ ഉടനടി ആരംഭിക്കുന്നതിന് സർക്കാർ സഹായം തേടും.

38. കലൂർ-കടവന്ത്ര റോഡ്, കർഷക ലിങ്ക് റോഡ്, ചിലവന്നൂർ ബണ്ട് റോഡ്, കുമാരനാശാൻ റോഡ്, കലൂർ കടവന്ത്ര-നോർത്ത് എക്സ്റ്റൻഷൻ, കലൂർ കടവന്ത്ര-സൗത്ത് എക്സ്റ്റൻഷൻ, മത്തായി മാഞ്ഞൂരാൻ റോഡ്, വൈറ്റില-തൃപ്പൂണിത്തുറ റോഡ് (എസ്. എൻ. ജംഗ്ഷൻ വരെ), ഇടക്കൊച്ചി റോഡ്, ഫോർട്ട്കൊച്ചി -ചെല്ലാനം റോഡ്, ഇടക്കൊച്ചി ബണ്ട് റോഡ്, സലീം രാജൻ റോഡ് എന്നീ റോഡുകളുടെ വീതികൂട്ടി വികസിപ്പിക്കുകയും ബലപ്പെടുത്തി ഈട് വർദ്ധിപ്പിക്കുകയും അടക്കമുള്ള വികസന പരിപാടികളാണ് ഒന്നാംഘട്ട പദ്ധതിയിലുള്ളത്.

## മോഡൽ റോഡ്

39. ഹൈക്കോർട്ട് ജംഗ്ഷൻ മുതൽ കെ.ടി.ഡി.സി. ജംഗ്ഷൻ വരെയുള്ള ഷൺമുഖം റോഡിനെ മോഡൽ റോഡായി വികസിപ്പിക്കും. ഡിസൈൻ ചെയ്ത ഫുട്ട്പാത്ത്, മീഡിയൻ, പരസ്യത്തിനും ഹോർഡിംഗിനും നിയന്ത്രണം, എലിവേറ്റർ സംവിധാനമുള്ള ഫുട്ട് ഓവർ ബ്രിഡ്ജ് തുടങ്ങിയവ ഇവിടെ സ്ഥാപിക്കും. മുഴുവൻ സർവീസ് കേബിളുകളും അണ്ടർ ഗ്രൗണ്ട്

ഡക്ടിലേക്ക് മാറ്റും. ആധുനിക ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തും. റോഡുകളിലുള്ള പാർക്കിംഗ് പൂർണ്ണമായും നിരോധിക്കും. ബസ് ബേയും പാർക്കിംഗ് ബേയും നിർമ്മിക്കും. ഗൈഡ്‌ലൈൻ അനുസരിച്ച് മാത്രം പൊതു സ്വകാര്യസ്ഥലങ്ങളിൽ സൈനേജ് അനുവദിക്കും.

ഇതിന്റെ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബജറ്റിൽ 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പാലങ്ങൾ

40. ഐലന്റ്-കണ്ണങ്ങാട്ട് പാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണത്തിനായ് സർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുമുണ്ട്.

41. വടുതല-പേരണ്ടൂർ പാലം, പഷ്ണിത്തോട് പാലം എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും.

42. കാരണക്കോടം റോഡ് പാലത്തിന്റെ നിലവിൽ കേരള ചേംബർ പണി കഴിപ്പിച്ചതിന്റെ ബാക്കി ഭാഗത്ത് നാലു വരി പാതക്കനുയോജ്യമായ രീതിയിലുള്ള പാലം നിർമ്മിക്കും. കേരള ചേംബറിന്റെ സഹായത്തോടെ പദ്ധതി പൂർത്തീകരിക്കും.

പാലങ്ങളുടെ നിർമ്മാണത്തിനായി 3 കോടി രൂപ നീക്കിവെക്കുന്നു.

## റെയിൽവേ ഓവർ ബ്രിഡ്ജുകൾ

43. പൊന്നുരുന്നി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പണി ഉടൻ പൂർത്തിയാക്കും. അറ്റ്‌ലാന്റീസ് റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കും. സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ 48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനാണ് രണ്ട് പദ്ധതികളും നടപ്പിലാക്കുന്നത്.

44. പച്ചാളം, ഐലന്റ് ആർ.ഒ.ബി.കളുടെ പ്രവർത്തനം ഉടനടി ആരംഭിക്കും. ആയതിന് പ്രോജക്ട് കൺസൽട്ടന്റായി കിറ്റ്കോയെ ചുമതലപ്പെടുത്തും.

22 മീറ്റർ വീതിയിൽ വിഭാവനം ചെയ്ത പച്ചാളം ആർ.ഒ.ബി. രണ്ട് വരി ഗതാഗതത്തിന് ഉതകുന്ന രീതിയിൽ 12 മീറ്റർ ആയി ചുരുക്കും. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് ഉയർന്ന പ്രാദേശികമായ പ്രതിഷേധങ്ങൾ മൂലമാണ് ഈ ചുരുക്കൽ നടപടി.

## മെട്രോ റെയിൽ

45. മെട്രോ റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭയുടെ എല്ലാ ചുമതലകളും കൃത്യമായും സമയബന്ധിതമായും പൂർത്തീകരിക്കും. മെട്രോ റെയിൽ കോർപ്പറേഷന് ആവശ്യമായ എല്ലാ സഹകരണങ്ങളും നൽകും.

## സബർബൻ റെയിൽ

46. കൊച്ചിയുടെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ എറണാകുളം- കോട്ടയം, എറണാകുളം-ആലപ്പുഴ, എറണാകുളം-തൃശ്ശൂർ എന്നീ റൂട്ടുകളിൽ സബർബൻ റെയിൽ സർവ്വീസ് ആരംഭിക്കുന്നതിന് റെയിൽവേയോട് ആവശ്യപ്പെടും.

## ജലഗതാഗതം

47. ജലഗതാഗതത്തിന് ആവശ്യമായ പരിഗണനയും പ്രാധാന്യവും നൽകിക്കൊണ്ടുള്ള ഒരു ഗതാഗത നയത്തിനാണ് ഈ കൗൺസിൽ ഊന്നൽ നൽകുന്നത്. ജലഗതാഗതരംഗത്ത് കൊച്ചിയുടെ അനന്തസാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തും.

48. വേമ്പനാട് കായലുമായി ബന്ധപ്പെട്ട് നൂറ്റാണ്ടുകളായി കൊച്ചിയുമായി ജലഗതാഗത ബന്ധമുള്ള സ്ഥലങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള ബോട്ട് ജെട്ടികൾ സ്ഥാപിച്ച് ആധുനിക ഹൈ-സ്പീഡ് ബോട്ട് സർവ്വീസുകൾ ആരംഭിക്കും. സമീപ പ്രദേശത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണം ഈ പദ്ധതിക്കായി ഉറപ്പാക്കും. ഈ പദ്ധതി കായലുകളുടെ സംരക്ഷണം ഉറപ്പാക്കുകയും വിനോദ സഞ്ചാര വികസനവും ത്വരിതപ്പെടുത്തുകയും ചെയ്യും.

49. ജലഗതാഗതത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ബോട്ട് സർവ്വീസ് നടത്തുന്നതിനുമായി നഗരസഭയുടെ നേതൃത്വത്തിൽ ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള കരട് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിങ്ങും ബൈലായും കൗൺസിൽ അംഗീകാരത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ഇവ കൗൺസിൽ അംഗീകരിച്ച ഉടൻ കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കും.

ഇതിലേക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഹോവർ ക്രാഫ്റ്റ് സർവ്വീസ്

50. കൊച്ചിയെ കുമരകം, വർക്കല, കോവളം, കോഴിക്കോട് മുതലായ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന വാട്ടർ ട്രാൻസ്പോർട്ട് ഹോവർ ക്രാഫ്റ്റ് സർവ്വീസുകൾ ഏർപ്പെർടുത്താൻ കെ.എസ്.ഐ.എൻ.സി.യുമായും ടൂറിസം വകുപ്പുമായും സഹകരിച്ച് പദ്ധതി തയ്യാറാക്കും.

## ഫോർട്ട് കൊച്ചിയിൽ നിന്ന് ഹൈക്കോർട്ടിലേക്ക് ഫെറി സർവ്വീസ്

51. ഫോർട്ട്കൊച്ചിയിൽനിന്നും എറണാകുളത്തേക്ക് വരുന്നതിന് മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന കമാലക്കടവ് - എറണാകുളം ഹൈക്കോർട്ട് ജെട്ടി ഫെറി സർവ്വീസ് നിലവിലില്ല. ഇപ്പോൾ കസ്റ്റംസ് ജെട്ടിയിൽ നിന്നുമാണ് എറണാകുളത്തേക്ക് ബോട്ട് സർവ്വീസ് നടത്തുന്നത്. കമാലക്കടവ് ജെട്ടി മുതൽ ഹൈക്കോർട്ട് ജെട്ടി വരെ സർവ്വീസ് പുനഃസ്ഥാപിക്കുന്നതിനോ അല്ലാത്തപക്ഷം കസ്റ്റംസ് ജെട്ടിയിൽനിന്ന് കമാലക്കടവ് ജെട്ടിയിലേക്ക് പുതിയ സർവ്വീസ് നീട്ടുകയോ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.

## ഫോർട്ട്കൊച്ചി-വൈപ്പിൻ ജങ്കാർ സർവ്വീസ്

52. നിലവിൽ സർവ്വീസ് നടത്തുന്ന 2 ജങ്കാറുകളെ കൂടാതെ മറ്റൊരു ജങ്കാർ കൂടി അനുവദിച്ച് അത്യാവശ്യ സമയങ്ങളിൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.

## വെള്ളക്കെട്ട്

53. കൊച്ചി നഗരം നേരിടുന്ന നീറുന്ന പ്രശ്നങ്ങളിൽ ഒന്നാണ് വെള്ളക്കെട്ട്. വെള്ളക്കെട്ട് പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഈ കൗൺസിൽ പ്രതിജ്ഞാബദ്ധമാണ്. വെള്ളക്കെട്ട് നിർമ്മാർജ്ജനത്തിനായി കെ.എസ്.യു.ഡി.പി. പദ്ധതി ഭാഗമായി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ അനുസരിച്ച് നഗരത്തിന് മുഴുവനായി ഡി.പി.ആർ തയ്യാറാക്കുകയും ഡി.പി.ആർ. അനുസരിച്ചുള്ള പദ്ധതിനിർവ്വഹണം പൂർത്തീകരിക്കുകയും ചെയ്യും.

54. എറണാകുളം സെൻട്രൽ സോണിലും പശ്ചിമ കൊച്ചിയിലും ഇതിനോടകം തന്നെ നടപ്പിലാക്കിവരുന്ന ശാസ്ത്രീയമായ വെള്ളക്കെട്ട് നിർമ്മാർജ്ജന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കും. പാലാരിവട്ടം, തമ്മനം, പൊന്നുരുന്നി പ്രദേശത്തെ ഗുരുതരമായ വെള്ളക്കെട്ടിന് ശാശ്വതമായ പരിഹാരം കാണുന്നതിന് നിലവിലുള്ള പുഞ്ചത്തോടിന്റെ കൈയേറ്റം ഒഴിപ്പിച്ച് ആഴം വർദ്ധിപ്പിക്കുകയും തോടിന്റെ പല ഭാഗത്തും വെള്ളമൊഴുക്ക് തടസ്സപ്പെടുന്ന രീതിയിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളും കേബിളുകളും മാറ്റി ഉയർത്തി സ്ഥാപിക്കും. ചെട്ടിച്ചിറയിലെ നിലവിലുള്ള ഇടുങ്ങിയ കലുങ്ക് പൊളിച്ച് വീതി കൂട്ടി പണിയുകയും നീരൊഴുക്ക് വർദ്ധിപ്പിക്കുകയും ചെയ്യും.

55. വെള്ളക്കെട്ട് നിവാരണത്തിന്റെ ഭാഗമായി നഗരത്തിലെ പ്രധാന റോഡുകളുടെ വശങ്ങളിലുള്ള കാന പണി KSUDP/JnNURM പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. പദ്ധതികൾ പൂർത്തിയാക്കുന്നതു വഴി എം.ജി. റോഡ്, നോർത്ത് റെയിൽവേ സ്റ്റേഷൻ, സൗത്ത് റെയിൽവേ സ്റ്റേഷൻ, KSRTC ബസ് സ്റ്റാന്റ് പരിസരം, പനമ്പിള്ളി നഗർ, എറണാകുളം മാർക്കറ്റ് എന്നീ സ്ഥലങ്ങളിലുള്ള വെള്ളക്കെട്ടിന് ശാശ്വത പരിഹാരമാകും. ഗോപാലപ്രഭു റോഡിൽ കാനകളും KSRTC ബസ് സ്റ്റാന്റിനടുത്ത് മുല്ലശ്ശേരി കനാലിന്റെ കിഴക്കേ അറ്റത്തായി സംമ്പ് വെല്ലും വെർട്ടിക്കൽ പമ്പും സ്ഥാപിക്കുന്നതിനായി 1.87 കോടി രൂപ ചെലവഴിച്ച് പ്രവർത്തി പൂർത്തീകരിക്കും. KSUDP പദ്ധതിയിൽ ഉൾപ്പെടുത്തി 9 മുഖ്യ റോഡുകളുടെ വശങ്ങളിലൂടെയുള്ള

കാനയുടെ പ്രവർത്തനങ്ങൾക്ക് 8.28 കോടി രൂപ ചെലവഴിച്ച് പ്രവർത്തി ഈ വർഷം പൂർത്തീകരിക്കും.

56. കാനകൾക്ക് ഗ്രേഡിയന്റ് നൽകി വെള്ളം ഒഴുകിപ്പോകുവാൻ സാധിക്കാവുന്ന വിധത്തിൽ അവ നിർമ്മിക്കും. കാനകൾ റോഡ് നിരപ്പിൽനിന്നും ക്രമാതീതമായി ഉയർത്തുന്ന നടപടി അവസാനിപ്പിക്കും. കാനകൾ ഇല്ലാത്ത ഭാഗങ്ങളിൽ കാനകൾ നിർമ്മിക്കും. എല്ലാ കാനകളും സ്ലാബിട്ട് മൂടും. പൊട്ടിപൊളിഞ്ഞ് കിടക്കുന്ന സ്ലാബും കാനകളും നന്നാക്കുകയും. സ്ലാബുകൾ ഒരേ ലെവലിൽ സ്ഥാപിക്കും.

57. നിലവിലുള്ള കാനകളിലേക്കും തോടുകളിലേക്കും സെപ്റ്റിക്ക് ടാങ്കുകളിൽ നിന്നുള്ള ഔട്ട്ലെറ്റുകൾ നൽകിയിട്ടുള്ളവ അടപ്പിക്കും. ഔട്ട്ലെറ്റുകൾ കാനകളിലേക്കും തോടുകളിലേക്കും നൽകാതിരിക്കുന്നതിന് വേണ്ടി ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കും. ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും.

58. വെള്ളക്കെട്ട് നിവാരണ പദ്ധതികൾക്കായി ബജറ്റിൽ 10 കോടിയുടെ അധിക തുക നീക്കിവെക്കുന്നു. ഇതിൽ 5 കോടി രൂപ പശ്ചിമകൊച്ചിയിലെ വെള്ളക്കെട്ട് നിവാരണ പദ്ധതികൾക്കായിരിക്കും.

## കനാലുകൾ

59. പ്രകൃതിദത്തമായി കൊച്ചിക്ക് കിട്ടിയ വരദാനങ്ങളിലൊന്നാണ് നമ്മുടെ കനാലുകൾ. സമുദ്ര ജലനിരപ്പിൽ കഴിയുന്ന കൊച്ചിയുടെ ഭൂപ്രദേശത്തെ ജല വ്യതിയാനങ്ങളിൽനിന്നും സംരക്ഷിച്ച് നിർത്തുന്നതിന് എന്നും സഹായിച്ചിട്ടുള്ളത് നമ്മുടെ കനാലുകളാണ്. എന്നാൽ കഴിഞ്ഞ നാലു ദശാബ്ദക്കാലമായി കയ്യേറ്റങ്ങളും മാലിന്യ നിക്ഷേപവും മൂലം കനാലുകളൊക്കെ തന്നെ ചുരുങ്ങി ഒഴുക്ക് നഷ്ടപ്പെട്ട് ചെറിയ നീർച്ചാലുകളായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. കാഴ്ചപ്പാടിന്റെ വികലതമൂലം പല കനാലുകളും, റോഡുകളും ഓടകളുമായി രൂപാന്തരപ്പെട്ട അതിദയനീയമായ കാഴ്ച്ചയാണ് നമുക്ക് മുന്നിൽ. ഈ കനാലുകളെ പൂർവ്വ സ്ഥിതിയിലാക്കി സംരക്ഷിക്കേണ്ടത് നഗരത്തിന്റെ തന്നെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. വ്യക്തമായ

കാഴ്ച്ചപ്പാടും ശരിയായ ദിശാബോധത്തോടുംകൂടി കനാലുകളുടെ പുനർജീവനം ഈ കൗൺസിൽ ഉറപ്പാക്കും.

## കനാൽ സംരക്ഷണം

60. നിലവിൽ ഇറിഗേഷൻ വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് നഗരസഭ കനാലുകളുടെ സംരക്ഷണ പ്രവർത്തനവുമായി മുന്നോട്ടു കൊണ്ടുപോകുന്നത്. റവന്യൂ വകുപ്പുമായി സഹകരിച്ചുകൊണ്ട് കനാലുകളുടെ അതിർത്തികൾ നിർണ്ണയിക്കുന്ന പദ്ധതി ഉടനെ തന്നെ ആരംഭിക്കും. സൈഡ് ഭിത്തികൾ നിർമ്മിച്ച് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനവും ഉടനടി തന്നെ ആരംഭിക്കും.

61. ഇതിൽ ഇടപ്പള്ളി കനാലിന്റെ സംരക്ഷണത്തിനായി 6 കോടി രൂപയുടെ ധനസഹായം നബാർഡ് മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ട്. കാരണക്കോടം കനാലിന്റേയും ചങ്ങാടംപോക്ക് കനാലിന്റേയും മാർക്കറ്റ് കനാലിന്റേയും തേവര-പേരണ്ടൂർ കനാലിന്റേയും ബൗണ്ടറി കനാലിന്റേയും സംരക്ഷണത്തിനായുള്ള പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്.

കനാലുകളുടെ സംരക്ഷണത്തിനായി ബജറ്റിൽ 60 ലക്ഷം രൂപ നീക്കി വെക്കുന്നു.

## കനാൽ ജല ശുദ്ധീകരണത്തിന് ആധുനിക സംവിധാനം

62. കനാലുകളിലെ മാലിന്യങ്ങൾ നശിപ്പിച്ച് വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ആധുനിക സംവിധാനം ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലണ്ടൻ ഇൻവെസ്റ്റ്മെന്റ് കൺസൽട്ടൻസി ലിമിറ്റഡ് എന്ന സ്ഥാപനം കൊച്ചി നഗരസഭയ്ക്കായി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മാർക്കറ്റ് കനാൽ ശുദ്ധീകരിക്കുന്നതിന് സന്നദ്ധമാണെന്നും സ്ഥാപനം അറിയിച്ചിട്ടുണ്ട്.

63. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ കേരള ഘടകം ഈ പദ്ധതിയുടെ പൈലറ്റ് പ്രോജക്ടിനുള്ള സാമ്പത്തിക ചെലവ് വഹിക്കാമെന്നും പദ്ധതിയുമായി സഹകരിക്കാമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്.

## പേരണ്ടൂർ-തേവര കനാൽ

64. കൊച്ചി നഗരത്തെ ജലാശയങ്ങളുമായി വടക്ക്-തെക്ക് (പേരണ്ടൂർ-തേവര) ബന്ധിക്കുന്ന വിസ്തൃതമായ കനാലാണ് പേരണ്ടൂർ-തേവര കനാൽ. ഇതിന്റെ ഇരുവശവും അനധികൃത കയ്യേറ്റത്താലും തോടിനു കുറുകെയുള്ള വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമുണ്ടാക്കുന്ന രീതിയിൽ നിർമ്മിച്ചിട്ടുള്ള കലുങ്കുകളും പാലങ്ങളും വാട്ടർ, കേബിൾ പൈപ്പുകളും നീരൊഴുക്കിന് തടസ്സം സൃഷ്ടിക്കുന്നു എന്ന് മാത്രമല്ല, ഈ തടസ്സങ്ങളുടെ ഫലമായി കനാൽ കവിഞ്ഞൊഴുകുകയും സമീപത്തുള്ള വീടുകളിൽ മലിനജലം കയറുന്ന അവസ്ഥയാണിന്നുള്ളത്. കലൂർ പി.വി.എസ്. ആശുപത്രിക്ക് സമീപത്തുള്ള മെയിൻ റോഡിലെ കലുങ്ക് പട്ടണത്തിന്റേയും നഗരവാസികളുടെയും തീരാശാപമാണ്. ഈ കലുങ്ക് ഉയർത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തേവര-പേരണ്ടൂർ കനാൽ നവീകരണ പദ്ധതിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## നവീകരിക്കുന്ന മറ്റ് കനാലുകൾ

65. നഗരത്തിലെ പ്രധാനപ്പെട്ട തോടുകളായ ചങ്ങാടമ്പോക്ക് തോട്, മുല്ലശ്ശേരി കനാൽ, മാർക്കറ്റ് തോട്, കാരണക്കോടം തോട്, എളംകുളം കനാൽ, തുകലം കുത്തിയ തോട്, രാമേശ്വരം കനാൽ, മാന്ത്രാ കനാൽ, പഷ്ണിത്തോട്, കാരക്കാമുറി തോട്, കരീത്തോട്, പുഞ്ചത്തോട് എന്നിവയിലെ അഴുക്കും ചെളിയും അടിയന്തിരമായി നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കും. വൃത്തിയാക്കിയ കനാലുകളിലും, തോടുകളിലും ചപ്പുചവറുകളും അഴുക്കും നിക്ഷേപിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കും.

## ഖരമാലിന്യ സംസ്ക്കരണം

## ബ്രഹ്മപുരം പ്ലാന്റിന്റെ അപ്ഗ്രഡേഷൻ

66. നിരവധി വെല്ലുവിളികളാണ് ഖരമാലിന്യ സംസ്കരണ രംഗത്ത് കഴിഞ്ഞ വർഷം കൗൺസിലിന് നേരിടേണ്ടി വന്നത്. ബ്രഹ്മപുരം പ്ലാന്റ് പൂർണ്ണമായും പ്രവർത്തന ക്ഷമമല്ലാത്തതിനാൽ പ്ലാന്റ് പരിസരത്ത് കുമിഞ്ഞ് കൂടിയ

വേർതിരിക്കാത്ത മാലിന്യം ഉയർത്തിയ വെല്ലുവിളി ചെറുതായിരുന്നില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കരാറേറ്റിരുന്ന ഏജൻസിയായ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് പ്രവർത്തനം തുടരാൻ താത്പര്യ മില്ലെന്ന് അറിയിക്കുകയും പ്രവർത്തനം നിർത്തുകയും ചെയ്തതിനുശേഷം പുതിയൊരു ഏജൻസിയെ നിയോഗിക്കുകയും ടൺ ഒന്നിന് 550 രൂപ നിരക്കിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കാനാരംഭിക്കുകയും ചെയ്തു.

67. വർഷങ്ങളോളം സംസ്കരണം നടക്കാത്തതിനാൽ കുമിഞ്ഞ് കൂടിയ മാലിന്യ ങ്ങൾ സംസ്കരിച്ചു തീർത്ത് ദൈനംദിന സംസ്കരണ ഘട്ടത്തിലെത്തിക്കു ന്നതിന് ഉടനടി തന്നെ സാധിക്കും. അതുപോലെ തന്നെ, അജൈവമാലിന്യ ങ്ങളിൽ പ്രധാനമായ പ്ലാസ്റ്റിക് മാലിന്യം വിവിധ ഷ്രെഡിംഗ് യൂണിറ്റുകളിൽ കൂടി ഷ്രെഡ് ചെയ്തു റോഡ് നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുവാൻ ആരംഭിച്ചിട്ടുണ്ട്.

68. 5 കോടി രൂപ മുടക്കി നിലവിലുള്ള പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമ മാക്കുകയും ആവശ്യമായ അപ്ഗ്രഡേഷൻ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും.

## ബ്രഹ്മപുരത്ത് സർക്കാർ സഹായത്തോടെ പുതിയ പ്ലാന്റ്

69. നഗരമാലിന്യ സംസ്കരണത്തിനുള്ള ശാശ്വത പരിഹാരം എന്ന നിലയിൽ ഈ മേഖലയിലെ എല്ലാ ആധുനിക ടെക്നോളജിയോടും സജ്ജീകരണ ങ്ങളോടുംകൂടിയ ഒരു പുതിയ പ്ലാന്റ് സംസ്ഥാന സർക്കാരിന്റെ സഹായ ത്തോടെ പി.പി.പി. മോഡലിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കും. ഇതിലേക്കു ള്ള നഗരസഭാ വിഹിതമായി 5 കോടി രൂപ നീക്കിവക്കുന്നു.

## ആർ.ഡി.എഫ്. പ്ലാന്റ്

70. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി ആർ.ഡി.എഫ്. പ്ലാന്റിനായുള്ള പ്രവർത്തനം സർക്കാർ സഹായത്തോടെ ഉടനടി ആരംഭിക്കും.

## ബ്രഹ്മപുരത്തിന് വിഷൻ പ്ലാൻ

71. ബ്രഹ്മപുരത്ത് 104 ഏക്കർ സ്ഥലത്തിന്റെ ഉപയോഗത്തിനായുള്ള വിഷൻ പ്ലാൻ തയ്യാറാക്കും. പ്ലാന്റിന്റെ ചുറ്റുമതിൽ നിർമ്മാണവും പ്ലാന്റിലേക്കുള്ള

റോഡുകളുടെ അറ്റകുറ്റപണികളും പൂർത്തിയാക്കും. ബ്രഹ്മപുരം പ്ലാന്റിന്റെ പ്രവർത്തനം സജീവമാക്കുന്നതോടൊപ്പം മാലിന്യ ശേഖരണവും സംഭരണ വും ട്രാൻസ്പോർട്ടേഷനും കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കും.

## മാലിന്യം നിക്ഷേപം-സർവ്വൈലെൻസ് ക്യാമറ

72. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ഫൈൻ അടക്കം ശക്തമായ നടപടികൾ നഗരസഭ നടത്തുന്നുണ്ടെങ്കിലും പൗരബോധമില്ലാത്ത ഒരു വിഭാഗം ഇപ്പോഴും മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേ പിക്കുന്നുണ്ട്. ഇത് കണ്ടുപിടിക്കുന്നതിന് പോലീസ് സഹായത്തോടെ വിവിധ സ്ഥലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കും.

ഇതിനായി ബജറ്റിൽ 10 ലക്ഷം രൂപ നീക്കി വെക്കുന്നു.

## എല്ലാ കോഴിക്കടകളിലും ബയോ ഗ്യാസ് പ്ലാന്റ്

73. നഗരത്തിൽ കോഴിക്കടകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നിർബ്ബ ന്ധമാക്കും. എല്ലാ കോഴിക്കടകളിലും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അവരവരുടെ വേയ്സ്റ്റ് അവിടങ്ങളിൽ സംസ്കരിക്കണം. അല്ലാത്തവരുടെ ലൈസൻസ് റദ്ദുചെയ്യുന്നതായിരിക്കും.

## മട്ടാഞ്ചേരി അറവുശാല

74. മട്ടാഞ്ചേരി അറവുശാല ആധുനികവത്കരിക്കുന്നതിനും മാലിന്യ സംസ്ക രണ പ്ലാന്റ് നിർമ്മിക്കുന്നതിനും അവശ്യമായ നടപടി സ്വീകരിക്കും. ഇതിലേ ക്കായി ഒരു കോടി രൂപ നീക്കിവെക്കുന്നു.

## ശുചിത്വവർഷം

75. സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത ശുചിത്വവർഷം പദ്ധതി ഏറ്റവും ഫലപ്രദമായി ഏറ്റെടുത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഒരു തദ്ദേശ സ്വയം

ഭരണ സ്ഥാപനമാണ് നമ്മുടെ നഗരസഭ. ശുചിത്വ വർഷം പരിപാടികളുടെ ഭാഗമായി മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ നഗരസഭാ നേതൃത്വത്തിൽ തയ്യാറാക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബയോപോട്ട്, വെർമി കമ്പോസ്റ്റിംഗ്, ബയോ ഗ്യാസ് സംവിധാനങ്ങൾ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഫ്ളാറ്റ് സമുച്ചയങ്ങളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഖരമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച 50% സബ്സിഡി കൂടാതെ 25% സബ്സിഡി നഗരസഭയും നൽകുമെന്ന് പ്രഖ്യാപിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ശുചിത്വ മിഷനുമായി സഹകരിച്ച് ഈ രംഗത്തെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

ഇതിലേക്കായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ശുചിത്വബോധവത്ക്കരണ പദ്ധതി

76. നാമെല്ലാവരും ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിലും പരിശ്രമത്തിലൂടേയും മാത്രമേ മാലിന്യ സംസ്കരണ രംഗത്ത് ഇന്ന് നേരിടുന്ന വെല്ലുവിളികൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. സംസ്കരണത്തിന്റെ ആദ്യപടി ആരംഭിക്കേണ്ടത് അവനവന്റെ വാസ-പ്രവർത്തി സ്ഥലങ്ങളിൽനിന്നു തന്നെയാണ്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതി വിജയിക്കണമെങ്കിൽ ഓരോ വ്യക്തിയും ഓരോ കുടുംബവും മുന്നോട്ടിറങ്ങിക്കൊണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മാലിന്യ സംസ്കരണത്തെകുറിച്ചുള്ള ബോധവത്കരണപരിപാടികൾക്ക് നഗരസഭ നേതൃത്വം നൽകുന്നതും ഈയൊരു സാഹചര്യത്തിലാണ്. കൊച്ചിയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുകൊണ്ടുള്ള ബോധവത്ക്കരണ പരിപാടിക്ക് ഇതിനകം തന്നെ നഗരസഭ തുടക്കം കുറിച്ചിട്ടുണ്ട്. നഗരത്തിലേയും പരിസരങ്ങളിലേയും ഏഴ് കോളേജുകളിൽ നിന്നുമായി 300 വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ പരിശീലനം നൽകി അവരെ 'എൻവയോൺമെന്റൽ മാസ്റ്റർ ട്രെയിനേഴ്സ്' ആയി ഇതിനകം തന്നെ നിയമിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ മാസ്റ്റർ ട്രെയിനേഴ്സ് അവരവരുടെ കോളേജുകളിലേയും നഗരങ്ങളിലെ മുഴുവൻ സ്കൂളുകളി

ലേയും വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ പരിശീലനം നൽകുകയും 2013 മാർച്ചോടുകൂടി മുഴുവൻ വിദ്യാലയങ്ങളും വിദ്യാർത്ഥികളും അദ്ധ്യാപകരും ഈ മിഷനിൽ പങ്കാളികളാവുകയും ചെയ്യും.

ശുചിത്വബോധവത്കരണ പരിപാടികൾക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## സീറോ വേസ്റ്റ് പദ്ധതി

77. 2011-2012 ബജറ്റിൽ ഉൾക്കൊള്ളിച്ച് നഗരസഭയുടെ ഒന്നാം ഹെൽത്ത് സർക്കിളിൽ പെട്ട 1 , 27 ഡിവിഷനുകളിൽ വിജയകരമായി നടപ്പിലാക്കിയ സീറോ വേസ്റ്റ് പദ്ധതി ഈ വർഷം കൂടുതൽ ഡിവിഷനുകളിലേക്ക് വ്യാപിപ്പിക്കും. നഗരസഭ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതിയുമായി ഇതിനെ ബന്ധപ്പെടുത്തുകയും സർക്കാർ പ്രഖ്യാപിച്ച സബ്സിഡിയും നഗരസഭ സബ്സിഡിയും ഇതിനായി ഉപയുക്തമാക്കുകയും ചെയ്യും.

ഇതിലേക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പ്ലാസ്റ്റിക് മാലിന്യ ശേഖരണ കേന്ദ്രങ്ങൾ

78. വ്യക്തിഗതമായി സംസ്കരിക്കാൻ സാധിക്കാത്ത അജൈവ മാലിന്യങ്ങൾ പ്രത്യേകിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ വിവിധസ്ഥലങ്ങളിൽ ഈ വർഷം തന്നെ ആരംഭിക്കും.

ഇതിലേക്കായി 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പ്ലാസ്റ്റിക് റീ-പ്രോസ്സസിംഗ് പ്രോഗ്രാം

79. 40 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗത്തിനും വിതരണത്തിനുമുള്ള നിരോധനം ശക്തമാക്കും. നഗരസഭയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പ്ലാസ്റ്റിക് കവറുകൾ ശേഖരിക്കും. പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ച് സ്കൂളിൽ കൊണ്ടുവരുന്ന വിദ്യാർത്ഥികൾക്ക് പാരി

തോഷികം നൽകി പ്രോത്സാഹിപ്പിക്കും. ഇങ്ങനെ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് റോഡ് ടാർ ചെയ്യാൻ ഉപയോഗിക്കും.

80. നഗരത്തിൽനിന്നും ശേഖരിക്കുന്ന മുഴുവൻ പ്ലാസ്റ്റിക്കും റീ-സൈക്ലിംഗ് ചെയ്യുവാനുള്ള ഒരു പദ്ധതിക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കും. കേരള പ്ലാസ്റ്റിക് മാനുഫാക്ച്ചറേഴ്സ് അസോസ്സിയേഷനുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുക.

ഈ പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ 7 ലക്ഷം രൂപ നീക്കിവെക്കുന്നു.

## സ്വീവേജ് പ്ലാന്റ്

81. കെ.എസ്.യു.ഡി.പി. പദ്ധതിയുടെ ഭാഗമായി പടിഞ്ഞാറൻ മേഖലയിൽ മുണ്ടംവേലിയിലും കിഴക്കൻമേഖലയിൽ എളംകുളത്തു സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനം നിയമ നടപടിയും മറ്റും മൂലം നീണ്ടുപോകുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. മുണ്ടൻവേലി പ്ലാന്റ് സി.ആർ.ഇസഡ്. നിയമവുമായി ബന്ധപ്പെട്ട തടസ്സവാദങ്ങൾ നീക്കിയെടുത്ത് നിർമ്മാണപ്രവർത്തന ഘട്ടത്തിലെത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. KSUDP പദ്ധതി യിൽ മുണ്ടൻവേലിക്കായി 93 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

82. കിഴക്കൻ മേഖലയിലെ പ്ലാന്റും ടെണ്ടർ നടപടികളിൽ വന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് നടപ്പിലാക്കാനുള്ള ഘട്ടത്തിലെത്തിയിരിക്കുകയാണ്. JnNURM പദ്ധതിയിൽ ഉൾപ്പെടുത്തി എളംകുളത്ത് സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും അനുബന്ധ പ്രവർത്തനങ്ങളുടെയും പുതുക്കിയ പദ്ധതിരേഖ ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് 151 കോടിയുടെ സീവേജ് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും.

## മിനി സ്വീവേജ് പ്ലാന്റുകൾ

83. ഈ രണ്ട് കേന്ദ്രീകൃത പ്ലാന്റിനോടൊപ്പം ചെറിയ ഡീ-സെൻട്രലൈസ്ഡ് പ്ലാന്റുകൾ ആരംഭിക്കുന്നതിനും നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 40 വീടുകളടങ്ങിയ ഒരു ചെറിയ ക്ലസ്റ്ററിന്റെ സ്വീവേജ് സംസ്കരിക്കുന്നതിനുള്ള

പ്ലാന്റിന് 4 സെന്റ് സ്ഥലം മതിയാകുമെന്ന് വിദഗ്ദ്ധർ അറിയിച്ചിട്ടുണ്ട്. നഗരത്തിലെ എല്ലാ ഫ്ളാറ്റ് സമുച്ചയങ്ങളിലും മിനി സ്വീവേജ് ട്രീറ്റ്മന്റ് പ്ലാന്റ് സ്ഥാപിക്കുമെന്ന് ബിൽഡർമാരുടെ സംഘടനയായ ക്രഡായി ഉറപ്പ് നൽകിയിട്ടുണ്ട്. അതുപോലെ തന്നെ മറ്റ് സ്ഥലങ്ങളിൽ മിനി സ്വീവേജ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ക്രെഡായി വാഗ്ദാനം ചെയ്തിട്ടുണ്ട്.

## സോണൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റ്

84. സ്വീവറേജ് സിസ്റ്റം പൂർത്തീകരിക്കുന്നതുവരെ ആ പ്രദേശങ്ങളിൽനിന്നുള്ളതും സ്വീവറേജ് സിസ്റ്റത്തിൽ ഉൾപ്പെടാതിരിക്കുന്ന സ്ഥലങ്ങളിൽനിന്നുള്ളതുമായ കക്കൂസ് മാലിന്യം ട്രീറ്റ് ചെയ്യുന്നതിന് സോണൽ സെപ്റ്റേജ് ട്രീറ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കും.

ഇതിലേക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## കൊതുകു നിവാരണ പ്രവർത്തനങ്ങൾ

85. കുറ്റമറ്റ സ്വീവേജ് സംവിധാനവും, ശരിയായ മാലിന്യ സംസ്കരണവും, നീരൊഴുക്കുള്ള ശുചിയായ കനാലുകളും കാനകളും കൊതുകു നിർമ്മാർജ്ജനത്തിന്റെ കാതലായ വശങ്ങളാണ്. ഈ സംവിധാനങ്ങളെല്ലാം കുറ്റമറ്റതാക്കാനുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനോടൊപ്പം തന്നെ മറ്റ് കൊതുകു നശീകരണപദ്ധതികളും മുന്നോട്ട് കൊണ്ടുപോകും.

86. കാനകളിൽ ഉപ്പ് വെള്ളം ഫ്ളഷ് ചെയ്തും ലാർവിസൈഡ് ഉപയോഗിച്ചും മീൻ വളർത്തിയും കൊതുക് നശിപ്പിക്കുന്നതിനുള്ള പരിപാടികൾ ഊർജ്ജിതമായി നടപ്പിലാക്കും. മാസത്തിലൊരു ദിവസമെങ്കിലും ഡ്രൈ ഡേ ആചരിക്കും. സെപ്റ്റിക് ടാങ്കുകളിൽ നിക്ഷേപിക്കാനുള്ള ബയോ ലാർവിസൈഡ് മിശ്രിതം വിതരണം ചെയ്യുന്നത് ഉടനടി ആരംഭിക്കും. സെപ്ടിക് ടാങ്കുകളുടെ വെന്റ് പൈപ്പുകൾ മൂടുന്നതിനുള്ള വല വിതരണം ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ശരിയായ രീതിയിൽ പരിപാലനം ചെയ്യാത്ത സെപ്റ്റിക് ടാങ്കുകൾ കണ്ടെത്തി പിഴ ഈടാക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. കാനകളിലേക്ക് തുറന്ന് വച്ച സെപ്റ്റിക് ടാങ്കുകൾ സീൽ ചെയ്യുകയും പിഴ ചുമത്തുകയും ചെയ്യും.

87. പോണ്ടിച്ചേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന വെക്ടർ കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ ശാസ്ത്രീയമായ കൊതുകുനിവാരണ പദ്ധതി സമയബന്ധിതമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുന്നു. ഈ രംഗത്ത് ലോകമറിയപ്പെടുന്ന വിദഗ്ദ്ധനും വെക്ടർ കൺട്രോൾ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ കൺസൾട്ടന്റുമായ ഡോ. ദിലീപ് മത്തായിയുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തും.

ഇതിലേക്കായി 30 ലക്ഷം രൂപ നീക്കിവെക്കുന്നു.

## കുടിവെള്ളം

88. നമ്മുടെ നഗരത്തിലെ കുടിവെള്ള വിതരണത്തിന്റെ പൂർണ്ണ ചുമതല കേരള വാട്ടർ അതോറിറ്റിക്കാണെങ്കിലും ജനങ്ങളുടെ ഏറ്റവും പ്രാഥമിക ആവശ്യങ്ങളിലൊന്നായ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്താൻ നഗരസഭ എന്നും മുൻകൈ എടുത്തിട്ടുണ്ട്. 300 എം.എൽ.ഡി.യിലേറെ ശുദ്ധജലം ആവശ്യമുള്ള ഈ നഗരത്തിൽ ഇപ്പോൾ കെ.ഡബ്ലിയു.എ. വിതരണം ചെയ്യുന്നത് 100 എം.എൽ.ഡി.യിൽ താഴെ മാത്രം ശുദ്ധജലമാണ്. ശുദ്ധജലം ലഭിക്കാത്ത പ്രദേശങ്ങളിൽ ജലമെത്തിക്കുന്നതിന് നഗരസഭ കോടിക്കണക്കിന് രൂപ ചെലവഴിച്ച് ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

89. ഡി.എഫ്.ഐ.ഡി. പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭ വിഭാവനം ചെയ്ത് പശ്ചിമകൊച്ചിയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന 40 എം.എൽ.ഡി ശുദ്ധജലവിതരണ പദ്ധതിയും ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ ഭാഗമായി മൂവാറ്റുപുഴ ആറിൽ നിന്നും 100 എം.എൽ.ഡി. വെള്ളമെത്തിക്കാനുദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതിയും കമ്മീഷൻ ചെയ്യുന്നതോടുകൂടി നഗരം നേരിടുന്ന ശുദ്ധജലപ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവുമെന്ന് കരുതുന്നു. നഗരസഭയ്ക്ക് വേണ്ടി ഈ രണ്ട് പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനമേറ്റെടുത്ത കെ.ഡബ്ലിയു.എ. എത്രയുംപെട്ടന്ന് തന്നെ

ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കൊച്ചിയുടെ ശുദ്ധജലക്ഷാമത്തിന് ശാശ്വതപരിഹാരം കണ്ടെത്തും. മൂവാറ്റുപുഴ പദ്ധതിയിലൂടെയും പശ്ചിമ കൊച്ചിയിലെ 2.30 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കും.

90. കൊച്ചി നഗരസഭയ്ക്ക് ശുദ്ധജലം എത്തിക്കുന്ന ആലുവ ശുദ്ധീകരണ ശാലയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ഇതിലൂടെ നഗരത്തിലെത്തുന്ന ശുദ്ധജലത്തിന്റെ അളവും ശുദ്ധിയും വർദ്ധിക്കും. ഇതിനായി കെ.എസ്.യു.ഡി.പി. പദ്ധതി വഴി 14 കോടി രൂപ ഉപയോഗപ്പെടുത്തും.

91. നഗരസഭാ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്ന പ്രധാന പൈപ്പ് ലയിനുകളുടെ നവീകരണം നടപ്പാക്കും. കാലഹരണപ്പെട്ട പൈപ്പ് ലയിനുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതോടൊപ്പം പുതിയ ലയിനുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം കൂടുതൽ സുഗമമാക്കും. ഇതുവഴി ചിലവന്നൂർ, തമ്മനം, പാലാരിവട്ടം, വെണ്ണല, എളമക്കര എന്നീ മേഖലകളിൽ കൂടുതൽ അളവിൽ ജലം എത്തിക്കും. ഇതിനായി കെ.എസ്.യു.ഡി.പി ഫണ്ടിൽ നിന്നും 20 കോടി രൂപ ഉപയോഗപ്പെടുത്തും.

## ജലദൗർലഭ്യത്തിന് പരിഹാരമായി കുഴൽ കിണറുകൾ

92. നഗരത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ ആവശ്യമായ എല്ലാ സ്ഥലങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിക്കും. ആയതിലേക്ക് ഒന്നരക്കോടി രൂപ വകകൊള്ളിക്കുന്നു.

## വരുമാന വർദ്ധന-നികുതി ചോർച്ച

93. നഗരസഭയുടെ തനത് സ്രോതസ്സുകളിൽ നിന്നുമായി ഇപ്പോൾ ലഭ്യമാകുന്ന വരുമാനം നഗരസഭയുടെ പ്രവർത്തനങ്ങളും വിഭാവം ചെയ്യുന്ന പദ്ധതികളുടെ നടത്തിപ്പും സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ പര്യാപ്തമായ ഒന്നല്ല. ആയതിനാൽ വരുമാന വർദ്ധനവ് എന്ന ലക്ഷ്യം മുൻനിർത്തി വിവിധ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഈ വർഷം നടപ്പിലാക്കുന്നത്.

## ആസ്തി തിട്ടപ്പെടുത്തൽ

94. നഗരസഭയുടേതായ നിരവധി സ്വത്തുക്കൾ സ്വകാര്യ വ്യക്തികൾ കൈയ്യേറി സ്വന്തമാക്കിയിട്ടുണ്ട്. ഇത് തിരിച്ചുപിടിക്കുന്നതിനുള്ള ശ്രമങ്ങൾ കാര്യമായി നടത്തിയിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. നഗരസഭയുടേതും നഗരസഭയുടേതായിരിക്കേണ്ടതുമായ എല്ലാ ഭൂമിയും തിരിച്ചുപിടിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഈ കൗൺസിൽ സ്വീകരിക്കും. അതിനുള്ള ഒരു സ്ക്വാഡ്, ലീഗൽ അഡ്വൈസർ അടക്കമുള്ളവരെ, ഉടനടി രൂപീകരിക്കുന്നതും പ്രവർത്തനമാരംഭിക്കുന്നതുമായിരിക്കും.

95. കൂടാതെ, നഗരസഭയുടേതായ നിരവധി സ്ഥാപനങ്ങൾ ദീർഘകാല ലീസിനെടുത്ത് നടത്തി നഗരസഭയ്ക്ക് തിരിച്ച് നൽകുകയോ, വാടക നൽകുകയോ ചെയ്യാത്തതായുണ്ട്. ഈ സ്ഥാപനങ്ങളെ കണ്ടെത്തി, ഒന്നുകിൽ ലീസ് പുതുക്കി നൽകുന്നതിനോ, തിരിച്ചുപിടിക്കുന്നതിനോ ആയ നടപടികൾ സ്വീകരിക്കുന്നതാണ്. സ്പെഷൽ സ്ക്വാഡിന്റെ പ്രവർത്തനത്തിൽ ഈ വിഭാഗവും ഉൾപ്പെടുന്നു.

96. പ്രധാന വ്യാപാര കേന്ദ്രങ്ങളുടെ കണ്ണായ സ്ഥലങ്ങളിലുള്ള നിരവധി നഗരസഭാ വക കെട്ടിടങ്ങൾ 'നിഷ്ക്രിയ ആസ്തിയായി' പ്രവർത്തിക്കുന്നുണ്ട്. അവയെല്ലാം കണ്ടെത്തി വരുമാന സ്രോതസ്സ് ആക്കി മാറ്റും.

ഈ പ്രവർത്തനങ്ങളിലൂടെ രണ്ട് കോടി രൂപയുടെ അധിക വരവ് പ്രതീക്ഷിക്കുന്നു.

## സിറ്റി ഡവലപ്മെന്റ് സ്പെഷൽ ഫണ്ട്

97. കൊച്ചി നഗരത്തിന്റെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുന്നതിനും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ബഹു. സംസ്ഥാന സർക്കാർ സഹായത്തോടെ ഒരു സിറ്റി ഡവലപ്മെന്റ് സ്പെഷൽ ഫണ്ട് ശേഖരണ പദ്ധതി ആരംഭിക്കും. പൊതുമേഖലയിലേയും സ്വകാര്യമേഖലയിലേയും വൻ കമ്പനികളുടെ സഹായവും ഇതിലേക്കായി തേടും. ഈ വർഷം സിറ്റി ഡവലപ്മെന്റ് സ്പെഷൽ ഫണ്ടിലൂടെ 5 കോടി സ്വരൂപിക്കും.

## സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കും

98. നഗരസഭയിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് നികുതി നൽകേണ്ട എന്നാൽ അങ്ങനെ ചെയ്യാത്ത നിരവധി സ്ഥാപനങ്ങളുണ്ട്. ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കുകയും നികുതി കുടിശിക പിരിക്കുകയും പുതിയതായി വരുന്ന സ്ഥാപങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുകയും ഇവയുടെ നികുതി പിരിവ് കാര്യക്ഷമമാക്കുകയും ചെയ്യും.

ഇതിലൂടെ 50 ലക്ഷം രൂപയുടെ അധിക വരവ് പ്രതീക്ഷിക്കുന്നു.

## വാടക പുനഃനിർണ്ണയം

99. നഗരസഭയുടെ മാർക്കറ്റുകളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലുമുള്ള കട മുറികൾക്ക് വാടക നിരക്കിൽ ഒരു ക്രമീകരണം ആവശ്യമാണ്. കാരണം, വാടക നിരക്കിൽ ഭീമമായ അന്തരവും കുറവും തന്മൂലം വരുമാനത്തിൽ വൻ ചോർച്ചയും ഉള്ളതായി കാണുന്നു. ഇതു പരിഹരിക്കുന്നതിനായി പ്രാദേശിക അടിസ്ഥാനത്തിൽ മാർക്കറ്റുകളിലേയും ഷോപ്പിംഗ് കോംപ്ലക്സുകളിലേയും മുറികൾക്ക് മിനിമം വാടക നിശ്ചയിക്കുകയും മിനിമത്തിൽ കുറവുള്ള വാടക പുതുക്കി നിശ്ചയിച്ച് പുതിയ വാടക ഈടാക്കുകയും ചെയ്യും.

ഇതിലൂടെ 2.5 കോടി രൂപയുടെ അധിക വരവ് പ്രതീക്ഷിക്കുന്നു.

## ഓണർഷിപ്പ് റീ-അസസ്സ്മെന്റ്

100. നഗരസഭയുമായി കരാറിലേർപ്പെട്ട വ്യക്തികളല്ല ഇന്ന് പല മുറികളും നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം മുറികൾ പരിശോധിച്ച് ഇങ്ങനെ നടത്തിക്കൊണ്ടിരിക്കുന്ന കടമുറികളുടെ ലിസ്റ്റ് ഉണ്ടാക്കി പുതിയ ഡപ്പോസിറ്റ് വച്ച് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നവർക്കോ പുതിയ വാടകക്കാർക്കോ നൽകുന്നതിനുള്ള നടപടി ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കും. ഇതിലൂടെ ഒരു കോടി രൂപയുടെ അധികവരുമാനം ഈ ബജറ്റ് പ്രതീക്ഷിക്കുന്നു.

## സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക പിരിക്കൽ

101. കേന്ദ്ര-സംസ്ഥാന വകുപ്പുകളുടെ കീഴിലുള്ള പല സ്ഥാപനങ്ങളും കെട്ടിടങ്ങളുടെ നികുതി കൃത്യമായി അടയ്ക്കാത്തതുമൂലം ഭീമമായ നികുതി കുടിശ്ശികയാണ് വരുത്തിയിട്ടുള്ളത്. മുഴുവൻ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശികയായി ലഭിക്കാനുള്ള നികുതി ഈ സാമ്പത്തിക വർഷം തന്നെ പിരിച്ചെടുക്കുന്നതിനുള്ള നടപടി ശക്തമായി സ്വീകരിക്കുന്നതാണ്. ഇതിലൂടെ 1.6 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## പ്രൊഫഷണൽ ടാക്സ്

102. പ്രൊഫഷണൽ ടാക്സ് ഇനത്തിൽ നമുക്ക് ലഭിക്കേണ്ട തുകയേക്കാൾ വളരെ കുറച്ച് മാത്രമേ പിരിഞ്ഞുകിട്ടാറുള്ളൂ. പ്രൊഫണൽ ടാക്സ് പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. തൊഴിൽ നികുതി കൃത്യമായി അടക്കാത്ത സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ നിയമനടപടി സ്വീകരിക്കും. ഇതിനായുള്ള ഉദ്യോഗസ്ഥ സംവിധാനം മെച്ചപ്പെടുത്തും. ഇതിലൂടെ ഈ സാമ്പത്തിക വർഷം 2 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## വസ്തു നികുതി

103. ദശാബ്ദങ്ങളായി കൊച്ചി നഗരത്തിൽ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. നഗരസഭയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും ചെലവ് പതിൻമടങ്ങ് വർദ്ധിച്ചുവെങ്കിലും വസ്തു നികുതിയിൽ വർദ്ധന ഉണ്ടാകാത്തതുമൂലം വരുമാനവും ചിലവും തമ്മിൽ വൻ അന്തരം ഉണ്ട്.

104. വസ്തു നികുതി കാലോചിതമായി പരിഷ്കരിച്ച് പുനർ നിർമ്മിക്കുന്നതിനുള്ള ശക്തമായ നടപടിയുമായി നഗരസഭ മുന്നോട്ട് പോകും. കൊമേർഷ്യലി പ്രാധാന്യമുള്ള മേഖലകളിൽ വസ്തു നികുതി അനുപാതികമായി വർദ്ധിപ്പിക്കും. വസ്തുനികുതി ഇനത്തിൽ വൻ കുടിശ്ശിക ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. ഇന്ത്യയിൽ തന്നെ ഏറ്റവും ഭൂവിലയുള്ള പ്രദേശമാണ് കൊച്ചി. എന്നാൽ വസ്തു

നികുതി വളരെ കുറവും. ഈയൊരു പശ്ചാത്തലത്തിൽ വസ്തു നികുതി വർദ്ധന അത്യന്താപേക്ഷിതമാണ്. വസ്തു നികുതി വർദ്ധനവിലൂടെയും കുടിശിക സമാഹരിക്കുന്നതിലൂടെയും 15 കോടി രൂപ അധികമായി ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു.

## അനധികൃത നിർമ്മാണങ്ങൾക്കും ഉപയോഗത്തിനും എതിരെ കർശന നടപടി

105. ശരിയായ രീതിയിൽ നികുതി നിർണ്ണയം നടത്തപ്പെടാത്തതും അനധികൃതമായി നിർമ്മിക്കപ്പെട്ടതും ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിക്കുകയും എന്നാൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നതടക്കമുള്ള ഗുരുതരമായ വീഴ്ച്ചകൾ വരുത്തുന്ന നിരവധി സ്ഥാപനങ്ങളും കെട്ടിടങ്ങളും നഗരത്തിലുണ്ട്. ഇവ കണ്ടെത്തുന്നതിനും ശരിയായ രീതിയിൽ നികുതി നിർണ്ണയം നടത്തുന്നതിനും ശക്തമായ നടപടികൾ ആരംഭിക്കും. ഇതിനായി രൂപീകരിച്ച സ്പെഷൽ സ്കോഡിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജപ്പെടുത്തും. ഈ നികുതി പുനർനിർണ്ണയത്തിലൂടെ 35 കോടി രൂപയുടെ അധിക വരുമാനം ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു.

## സിറ്റി ബ്യൂട്ടിഫിക്കേഷൻ പദ്ധതി

106. പ്രകൃതിദത്തമായി മനോഹരമെങ്കിലും ആസൂത്രണത്തിലും പരിപാലനത്തിലുമുള്ള അഭാവം നമ്മുടെ നഗരത്തിന്റെ മനോഹാരിത തെല്ലൊന്ന് കുറച്ചിട്ടുണ്ട്. നഗരത്തെ മനോഹരമായി നിലനിർത്തുന്നതിനുള്ള ഒരു ബൃഹദ് പദ്ധതി ഈ കൗൺസിൽ വിഭാവനം ചെയ്യുന്നു.

107. ജംഗ്ഷനുകളുടെയും ഫുട്ട്പാത്തുകളുടേയും മീഡിയനുകളുടേയും ഇംപ്രൂവ്മെന്റ്, കായൽ-കനാൽ തീരസംരക്ഷണവും ബ്യൂട്ടിഫിക്കേഷനും, സ്ട്രീറ്റ് ലൈറ്റിംഗ്, ഹോർഡിംഗ്സിനും മറ്റ് പരസ്യങ്ങൾക്കുമുള്ള നിയന്ത്രണം, കേബിളുകൾ അണ്ടർ ഗ്രൗണ്ട് ഡക്ടിലേക്ക് മാറ്റൽ, ശരിയായ സ്ട്രീറ്റ് ഫർണിച്ചറുകളുടെ സ്ഥാപനം, ഗ്രീനിങ്ങ് ആന്റ് ലാന്റ്സ്കേപ്പിംഗ് തുടങ്ങിയവയാണ് ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുക.

മുഖ്യമായും സ്പോൺസർഷിപ്പിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

ഇതിന്റെ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബജറ്റിൽ 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ജംഗ്ഷൻ ഇംപ്രൂവ്മെന്റ്

108. നഗരത്തിലെ എല്ലാ പ്രധാന ജംഗ്ഷനുകളും പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിനും മനോഹരമാക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിവരുന്നു. ജംഗ്ഷൻ ഇംപ്രൂവ്മെന്റ് ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾക്ക് നഗരസഭ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി പരസ്യാവകാശം നൽകിയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

ഇതിന്റെ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബജറ്റിൽ 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## യൂണിഫോം ആന്റ് ഡിസൈൻഡ് ഫുട്ട്പാത്ത്

109. നഗരത്തിലെ ഒട്ടുമിക്ക ഫുട്ട്പാത്തുകളും കാൽനട യാത്രയ്ക്ക് സഹായകരമായ രീതിയിലല്ല നിലവിലുള്ളത്. പി.പി.പി. മോഡലിൽ നഗരത്തിലെ മുഴുവൻ ഫുട്ട്പാത്തുകളും യൂണിഫോം ആന്റ് ഡിസൈൻഡ് ഫുട്ട്പാത്ത് ആക്കി മാറ്റാനുള്ള പദ്ധതിക്ക് നഗരസഭ രൂപംകൊടുത്തിട്ടുണ്ട്. എറണാകുളം നഗരത്തിലെ മുഴുവൻ ഫുട്ട്പാത്തുകളും യൂണിഫോം ആന്റ് ഡിസൈൻഡ് ഫുട്ട്പാത്തുകളാക്കി മാറ്റുന്നതിനുള്ള പ്രസ്തുത പദ്ധതി സ്പോൺസർ ചെയ്യാൻ കേരള ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് സന്നദ്ധത അറിയിച്ചിട്ടുണ്ട്. പശ്ചിമ കൊച്ചിയിൽ ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സും ഈ പദ്ധതിയുമായി സഹകരിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്.

110. നഗരസഭ തയ്യാറാക്കുന്ന ഫുട്ട്പാത്ത് മാസ്റ്റർപ്ലാനിന് അനുസൃതമായി ഡ്രെയിൻ കവർ സ്ലാബ് അടക്കം ഓരോ 10 മീറ്റർ ദൂരവും ഒരു യൂണിറ്റ് ആയി എടുത്ത് ആ യൂണിറ്റിൽ ഫുട്ട്പാത്തിൽ തന്ന പരസ്യം ആലേഖനം ചെയ്യാൻ

അനുവദിക്കും. യൂണിറ്റിന്റെ മുഴുവൻ ചെലവും സ്പോൺസർ വഹിക്കും എന്നതാണ് ഇതിന്റെ പ്രവർത്തന രീതി.

111. ഇതേ രീതിയിൽ റോഡുകളുടെ മീഡിയനുകൾ യൂണിഫോം ഡിസൈനുകൾ നൽകി സ്പോൺസർഷിപ്പ് രീതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതിയും ഉടനടി ആരംഭിക്കുന്നതാണ്.

ഇതിന്റെ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബജറ്റിൽ 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

## അണ്ടർഗ്രൗണ്ട് സർവ്വീസ് ഡക്ട്

112. നഗരത്തിലെ തലങ്ങും വിലങ്ങും കിടക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും കമ്പികളും, ഫോൺ പോസ്റ്റുകളും, വയറുകളും, കേബിൾ സർവ്വീസ് വയറുകളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. ഇവയെല്ലാം അണ്ടർ ഗ്രൗണ്ടിലേക്ക് മാറ്റുന്നതിന് പ്രധാന റോഡുകളിൽ സർവ്വീസ് ഡക്ട് നിർബന്ധമാക്കും. നഗരസഭയുടേതല്ലാത്ത റോഡുകളിൽ ഡക്ട് നിർമ്മിക്കുന്നതിന് അതാതു വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് പ്രവർത്തിക്കും.

ഈ പദ്ധതിക്കായി ബജറ്റിൽ ഒരു കോടി രൂപ നീക്കിവെക്കുന്നു.

## എൽ.ഇ.ഡി. ലൈറ്റിംഗ്

113. പ്രധാന ബസ് റൂട്ടുകളുള്ള റോഡുകളിൽ മുഴുവൻ ഊർജ്ജ സംരക്ഷണത്തിനായി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കും. ആന്യുറ്റി സ്കീമിൽ പെടുത്തി നഗരസഭ ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളിലൊന്നാണിത്. നഗരത്തിലെ മുഴുവൻ തെരുവ് വിളക്കുകളും ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കും. കൂടാതെ വൈപ്പിൻ മുതൽ പച്ചാളം വരെയുള്ള പുതിയ റോഡിലും പുല്ലേപ്പടി മേൽപ്പാലത്തിലും വിക്രാന്ത് പാലത്തിലും സ്ട്രീറ്റ് ലൈറ്റിംഗ് സംവിധാനം ആരംഭിക്കും. സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ ലൈറ്റിംഗ് സംവിധാനം ഈ വർഷം തന്നെ പൂർത്തിയാക്കും.

ഈ പദ്ധതിക്കായി ബജറ്റിൽ ഒരു കോടി രൂപ നീക്കിവെക്കുന്നു.

## ബസ്സ്റ്റാന്റുകൾ

114. പെരുമ്പടപ്പിലും കോന്തുരുത്തിയിലും ഇടക്കൊച്ചിയിലും പുതിയ ബസ് സ്റ്റാന്റുകൾ പണിയും.

115. ഫോർട്ട്കൊച്ചി ബസ്സ്റ്റാന്റ് കോംപ്ലക്സ് നിർമ്മാണം ഉടനടി പൂർത്തീകരിക്കും.

ബസ് സ്റ്റാന്റുകളുടെ നിർമ്മാണത്തിനായി ബജറ്റിൽ 60 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ആധുനിക ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ

116. നഗരത്തിലെ എല്ലാ ബസ് വെയിറ്റിംഗ് ഷെൽട്ടറുകളും ആധുനിക രീതിയിൽ പുതുക്കി പണിയും. പി.പി.പി. മോഡലിൽ പരസ്യാവകാശം നൽകിക്കൊണ്ട് പദ്ധതി പൂർത്തീകരിക്കും.

## പരസ്യം പ്രദർശിപ്പിക്കുന്നതിന് പുതിയ ബൈലാ

117. നഗരം മുഴുവൻ വിവിധ തരത്തിലുള്ള പരസ്യങ്ങളാൽ നിറയുമ്പോഴും ഈ മേഖലയിൽനിന്നും നഗരസഭയ്ക്ക് ലഭിക്കുന്ന വരുമാനം വളരെ തുച്ഛമാണ്. നിലവിൽ പരസ്യ നികുതി പിരിക്കുന്നത് ഒരു ഏജൻസിയാണ്. ടെണ്ടർ ചെയ്ത് കരാർ നൽകുകയാണ് ചെയ്യുന്നത്. ഈ സാമ്പത്തിക വർഷം മുതൽ പരസ്യ നികുതി പിരിവ് നഗരസഭ നേരിട്ട് നടത്തും. അതുപോലെ തന്നെ പരസ്യ ഹോർഡിംഗുകളുടെ നിയന്ത്രണത്തിനായി ബാർ കോഡിംഗ് സംവിധാനം ഏർപ്പെടുത്തും. സൈനേജുകളെ പ്രൈവറ്റ്/പബ്ലിക് എന്ന രീതിയിൽ വേർതിരിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ച് ശക്തമായ നിയന്ത്രണങ്ങൾ നടപ്പിലാക്കും.

ഈ പരിഷ്ക്കാരങ്ങളിലൂടെ ഈ വർഷം 1 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## പുതിയ പാർക്കിംഗ് പോളിസി

118. റോഡുകളിലും പൊതുസ്ഥലങ്ങളിലുമുള്ള പാർക്കിംഗ് പരമാവധി ഒഴിവാക്കി കൊണ്ട്, പാർക്കിംഗ് അതിനായുള്ള സ്ഥലത്ത് മാത്രം ഒതുക്കി നിർത്തിക്കൊ

ണ്ടുള്ള ഒരു പാർക്കിംഗ് ബൈലാ നഗരസഭ തയ്യാറാക്കിവരുന്നു. ഇതിലേക്കായി പുതിയ പാർക്കിംഗ് ഏരിയകൾ കണ്ടെത്തും. സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെയായിരിക്കും പുതിയ പാർക്കിംഗ് ഏരിയ കണ്ടെത്തൽ. പ്രധാന കേന്ദ്രങ്ങളിൽ പാർക്കിംഗ് ഫീസ് വർദ്ധിപ്പിക്കുന്നതടക്കമുള്ള നിർദ്ദേശങ്ങളാണ് ഈ പാർക്കിംഗ് ബൈലായിൽ ഉണ്ടാവുക.

പുതിയ പാർക്കിംഗ് പോളിസി നടപ്പിലാവുന്നതിലൂടെ ഒരു കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## കെട്ടിടങ്ങളിലെ പാർക്കിംഗ് ഏരിയ

119. ബിൽഡിംഗ് അപ്രൂവലിനായി പാർക്കിംഗ് ഏരിയ മാർക്ക് ചെയ്ത് അനുമതി വാങ്ങിക്കുകയും അതിന് ശേഷം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരികയും ചെയ്യുന്നത് നഗരത്തിൽ വ്യാപകമാണ്. ബിൽഡിംഗുകളിലെ പാർക്കിംഗ് ഏരിയ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ കണ്ടുപിടിച്ച് വൻ പിഴ ഈടാക്കാനുള്ള നടപടി ആരംഭിക്കും. എല്ലാ കെട്ടിടങ്ങളിലും പാർക്കിംഗ് ഏരിയ പാർക്കിംഗിനായ് മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തും.

ഈ പരിപാടിയിലൂടെ 20 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## നഗരത്തിൽ പാർക്കിംഗ് പ്ലാസകൾ

120. ഉചിതമായ സ്ഥലങ്ങളിൽ മൾട്ടി ലെവൽ പാർക്കിംഗ് പ്ലാസകൾ പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും. ഇതിലേക്കായി സ്ഥലം കണ്ടെ ത്തുന്നതടക്കമുള്ള പരിപാടികൾ തയ്യാറാക്കുന്നതിനായി ഒരു പ്രോജക്ട് കൺസൾട്ടന്റിനെ നിയമിക്കും. പദ്ധതി പി.പി.പി. മോഡലിൽ നടപ്പിലാക്കും.

## മൊബിലിറ്റി ഹബ്ബ് റെയിൽ കണക്ടിവിറ്റി

121. പൊന്നുരുന്നിയിലുള്ള റെയിൽവേയുടെ 100 ഏക്കർ സ്ഥലത്ത്, വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ റെയിൽ കണക്ടിവിറ്റി എന്ന നിലയിൽ, ഒരു റെയിൽ

വേ സ്റ്റേഷൻ പണിയുന്നതിനും റെയിൽവേ മെഡിക്കൽ കേളേജ് ആരംഭിക്കുന്നതിനുമുള്ള സാധ്യതാപഠനം നടത്തുന്നതിന് റെയിൽവേയോട് അഭ്യർത്ഥിക്കും.

## നഗരപ്രവേശന കവാടം

122. വിവിധ പ്രദേശങ്ങളിൽനിന്നും കൊച്ചി നഗരത്തിലേക്കുള്ള പ്രവേശന കവാടങ്ങളിൽ സ്വാഗത കമാനങ്ങൾ സ്ഥാപിക്കും. ഇതിനായി 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

## കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട്

123. പൊതു-സ്വകാര്യ മേഖലയിലുള്ള മുഴുവൻ കോർപ്പറേറ്റുകൾക്കും സി.എസ്. ആർ. ഫണ്ട് ഭാരതസർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരത്തിലെ കോർപ്പറേറ്റ് സ്ഥാപനങ്ങൾ സോഷ്യൽ ഫണ്ടിംഗിനായി നീക്കിവെക്കുന്ന തുക നഗരത്തിന്റെ പൊതു വികസനത്തിനും നഗരത്തിലെ ജനങ്ങളുടെ സാമൂഹ്യ സേവനത്തിനുമായി ഉപയുക്തമാക്കുന്നതിനുള്ള ഒരു പദ്ധതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കും. ഇതിനായി നഗരസഭയും ഐ.സി.എ.ഐ.യുമായി ചേർന്നുള്ള ഒരു കോ-ഓർഡിനേറ്റിംഗ് കമ്മറ്റി രൂപീകരിക്കും.

ഈ പരിപാടിയിലൂടെ 3 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

## കൊച്ചിൻ ഫസ്റ്റ്

124. നഗരത്തിലെ പൊതു സ്വകാര്യസ്ഥാപനങ്ങളും സംഘടനകളുമായി സഹകരിച്ചുകൊണ്ട് നഗരവികസനത്തിനായി ഒരു സംയുക്ത സംരംഭമെന്ന നിലയിൽ രൂപപ്പെടുത്തുന്ന 'കൊച്ചിൻ ഫസ്റ്റ്' കഴിഞ്ഞ ബജറ്റിൽ തന്നെ പ്രഖ്യാപിച്ചിരിന്നതാണാല്ലോ. വിവിധ സ്ഥാപനങ്ങളെയും സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്. കൊച്ചിൻ ഫസ്റ്റിന്റെ ആദ്യപദ്ധതി എന്ന നിലയിൽ റോട്ടറി ക്ലബിന്റെ സഹകരണത്തോടെ രവിപുരം ശ്മശാനം ആധുനികവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ

ഈ വർഷം തന്നെ ആരംഭിക്കുന്നതിനായി പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു.

## കച്ചേരിപ്പടി ഐ.ടി. ഹബ്ബ്

125. കച്ചേരിപ്പടിയിലുള്ള പഴയ നഗരസഭ റസ്റ്റ് ഹൗസ് ബിൽഡിംഗ് അടക്കമുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു ഇൻഫർമേഷൻ ടെക്നോളജി ഹബ്ബ് നിർമ്മിക്കും. പി.പി.പി. മോഡലിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ പ്രോജക്ട് കൺസപ്റ്റ് തയ്യാറാക്കലും നിർമ്മാണവും സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഇൻഫ്രാസ്ട്രക്ചർ കേരള (ഇൻകെൽ) എന്ന സ്ഥാപനത്തെ ഏൽപ്പിക്കും. നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യതയുണ്ടാക്കാതെ, ഭൂമിയുടെയും കെട്ടിടങ്ങളുടെയും അവകാശം നഗരസഭയ്ക്ക് നഷ്ടമാവാത്ത വിധത്തിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്.

## പടിയാത്തുകുളത്ത് പുതിയ വാണിജ്യ കേന്ദ്രം

126. യാത്രാ ഓഡിറ്റോറിയം അടക്കമുള്ള പടിയാത്തുകുളത്തെ സ്ഥലത്ത് ആധുനിക രീതിയിലുള്ള ബഹുനില വ്യാപാര സമുച്ചയം പണിയും. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് ഇൻകെലിനെ ചുമതലപ്പെടുത്തും. പി.പി.പി. മോഡലിലാണ് പദ്ധതി നടപ്പിലാക്കുക.

## പരമാരയിൽ വിവിധോദ്ദേശ കെട്ടിട സമുച്ചയം

127. പരമാരയിൽ ലിബ്ര അടക്കമുള്ള കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു വിവിധോദ്ദേശ കെട്ടിട സമുച്ചയം പണിയും. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് ഇൻകെലിനെ ചുമതലപ്പെടുത്തും. പി.പി.പി. മോഡലിലാണ് പദ്ധതി നടപ്പിലാക്കുക.

## പർവ്വാനയിൽ ടൂറിസം ഫെസിലിറ്റി സെന്റർ

128. മട്ടാഞ്ചേരി പർവ്വാനയിലുള്ള നഗരസഭ സ്ഥലത്ത് ടൂറിസം ഫെസിലിറ്റി സെന്റർ ആരംഭിക്കും. പദ്ധതിയുടെ രൂപ രേഖ തയ്യാറാക്കുന്നതിന് ഇൻകെലിനെ ചുമതലപ്പെടുത്തും. പി.പി.പി. മോഡലിലാണ് പദ്ധതി നടപ്പിലാക്കുക.

## കൊച്ചിൻ ട്രേഡ് സെന്റർ

129. വൈറ്റില മൊബിലിറ്റി ഹബ്ബ് സജീവമായതോടെ കലൂർ ബസ് സ്റ്റാന്റിന്റെ പ്രസക്തി ഇല്ലാതാവുകയാണ്. പ്രസ്തുത സ്ഥലവും കലൂരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ക്യാൻസർ സെന്ററും ഉചിതമായ മറ്റ് സ്ഥലത്തേക്ക് മാറ്റി ഈ സ്ഥലവും ഉപയോഗിച്ച് ആധുനിക രീതിയിലുള്ള ട്രേഡ് സെന്റർ നിർമ്മിക്കും. പി.പി.പി. മോഡലിൽ ഇൻകെലിന്റെ സഹായത്തോടെയായി രിക്കും ഈ പദ്ധതി നടപ്പിലാക്കുക.

130. കച്ചേരിപ്പടി ഐ.ടി. ഹബ്ബ്, പടിയാത്തുകുളത്തെ വാണിജ്യ കേന്ദ്രം, പരമാര യിലെ വിവിധോദ്ദേശ കെട്ടിടസമുച്ചയം, പർവ്വാനയിലെ ടൂറിസം ഫെസിലിറ്റി സെന്റർ, കൊച്ചിൻ ട്രേഡ് സെന്റർ എന്നിവയുടെ പദ്ധതി രേഖ തയ്യാറാ ക്കുന്നതിലേക്കായി 50 ലക്ഷം രൂപ നീക്കിവെക്കും.

## നഗരസഭ മെയിൻ ഓഫീസ് സമുച്ചയം

131. നിരവധി സാങ്കേതിക കാരണങ്ങളാൽ പണി പുനരാരംഭിക്കുവാൻ സാധിക്കാ തിരുന്ന നഗരസഭ പുതിയ ഓഫീസ് സമുച്ചയത്തിന്റെ പണി ആരംഭിക്കുന്ന തിനുള്ള തടസ്സങ്ങളെല്ലാം തന്നെ നീക്കികൊണ്ട് പണി പുനരാരംഭിക്കുന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപയുടെ വായ്പ നൽകാമെന്ന് ഹഡ്കോ അറിയിച്ചിട്ടുണ്ട്.

## സിറ്റി ഗസ്റ്റ് ഹൗസ്

132. നഗരത്തിന്റെ അതിഥികളായി എത്തുന്നവർക്ക് താമസം ഒരുക്കുവാൻ നഗരസഭയ്ക്ക് സ്വന്തമായൊരു ഗസ്റ്റ് ഹൗസ് ആവശ്യമാണ്. അനുയോജ്യമായ സ്ഥലത്ത് ആധുനിക രീതിയിലുള്ള ഗസ്റ്റ് ഹൗസ് പണിയുന്നതിന് ബജറ്റിൽ 60 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഫാമിലിപാർക്കിൽ ലൈബ്രറി

133. നഗരത്തിലെ പാർക്കുകളിൽ നവീകരണ പ്രവർത്തനങ്ങൾക്കൊപ്പം ലൈബ്ര റികളും ആരംഭിക്കും. ഇതിനായി പ്രമുഖ പ്രസാധകരുടെയും ബുക്ക്

വിതരണക്കാരുടെയും സഹായം തേടും. അതുപോലെ തന്നെ ഓരോ പാർക്കിന്റേയും സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ പാർക്കിന്റേയും പരിസരത്തിലുള്ള കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹായം ഉപയുക്തമാക്കും. നഗരസഭാ പാർക്ക് എന്നതിലുപരി സമൂഹം നടത്തിപ്പ് ഏറ്റെടുക്കുന്ന രീതിയിൽ ഫാമിലിപാർക്കായി ഇവയെ പരിപാലിക്കുക എന്നുള്ളതാണ് നഗരസഭ ഈ ആശയംകൊണ്ട് ലക്ഷ്യമിടുന്നത്.

ഈ പദ്ധതിക്ക് 30 ലക്ഷം രൂപ നീക്കിവെക്കുന്നു.

## സുഭാഷ് ചന്ദ്രബോസ് പാർക്ക്

134. നഗരത്തിലെ ഏറ്റവും മനോഹരമായ ലൊക്കേഷനുകളിലൊന്നാണ് നമ്മുടെ സുഭാഷ് ചന്ദ്രബോസ് പാർക്ക്. നിരന്തരമായ മാറ്റങ്ങളുടെയും പരിപാലനത്തിന്റേയും അഭാവം ഈ പാർക്കിന്റെ പ്രഭാവം തെല്ലൊന്നുകുറച്ചിട്ടുണ്ട്. സുഭാഷ് പാർക്കിനെ ഇന്ത്യയിലെ ഏറ്റവും നല്ല പരിസ്ഥിതി പാർക്കുകളിലൊന്നായി മാറ്റാനുള്ള ഒരു പദ്ധതി നഗരസഭ ഈ വർഷം തന്നെ ആരംഭിക്കും. ഇന്ത്യയിലും വിദേശത്തുനിന്നുമുള്ള നിരവധി ലാൻഡ് സ്കേപ്പ് ആർക്കിടെക്ടുമാരുമായും സ്ഥാപനങ്ങളുമായും ഇതിനകം തന്നെ ചർച്ചകൾ നടത്തിക്കഴിഞ്ഞു. ഗ്രോത്ത് ഡവലപ്മെന്റ് ആന്റ് പ്രോഗ്രസ്സ് ഓഫ് കൊച്ചിൻ എന്ന സംഘടന സുഭാഷ് പാർക്കിന്റെ ആധുനിക വത്ക്കരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനായി മുന്നോട്ട് വന്നിട്ടുണ്ട്. നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത വരാതെ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രസ്തുത സംഘടന മുന്നോട്ട് വന്നിരിക്കുന്നത്. സുഭാഷ് പാർക്കിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും.

## ഫോർട്ട്കൊച്ചി നെഹ്റു പാർക്ക്

135. കേളത്തിലെ ഏറ്റവും പ്രധാന ടൂറിസം കേന്ദ്രമായ ഫോർട്ട്കൊച്ചിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന നെഹ്റു പാർക്ക് നവീകരിച്ച് ആധുനിക രീതിയിൽ പുന:സംവിധാനം ചെയ്യും. പി.പി.പി മോഡലിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഏറ്റവും പ്രശസ്തരായ ലാൻഡ് സ്കേപ്പ് ആർക്കിട്ടെക്ടുമാരെ

ചുമതലപ്പെടുത്തും. നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത വരാതെ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുക. നെഹ്റു പാർക്കിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും.

## ഹെർഷെൽസ് വാക്ക്

136. മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും നടപ്പിലാക്കാനാവാതെ പോയ ഹെർഷെൽസ് വാക്ക് ലാൻഡ് സ്കേപ്പിംഗ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കും. നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത വരാതെ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുക.

## വൈറ്റില കുന്നറ പാർക്ക് - മൊബിലിറ്റി ഹബ് ടൂറിസം പദ്ധതി

137. കുന്നറ പാർക്കിൽനിന്നും മൊബിലിറ്റി ഹബ് വരെ പുഴയുടെ പടിഞ്ഞാറെ തീരത്തുകൂടി ഒരു വാക് വേ പണിയും. കൂടാതെ കുന്നറ പാർക്കിനും മൊബിലിറ്റി ഹബ്ബിനുമിടയിലായി ജലാശയത്തിന് ആഴം കുറവായതിനാൽ വാട്ടർ സ്പോർട്ട്സ് അടക്കമുള്ള ടൂറിസം പദ്ധതികൾ ആരംഭിക്കും. ഇതിനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ ഏജൻസിയായ കിറ്റ് കോയെ ചുമതലപ്പെടുത്തും. പദ്ധതി ഈ വർഷം തന്നെ ആരംഭിക്കും.

ഇതിലേക്കായി ബജറ്റിൽ 40 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ചിലവന്നൂർ കായലിൽ ബോട്ട് ക്ലബ്ബ്

138. ചിലവന്നൂർ കായൽ പുനരുദ്ധരിച്ച് ബോട്ട് ക്ലബ്ബ്, വാട്ടർ തീം പാർക്ക് എന്നിവ ആരംഭിക്കും. ഇതിലേക്കായി ബജറ്റിൽ 5 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ഫാസ്റ്റ് ട്രാക്ക് ഇംപ്ലിമെന്റേഷൻ സിസ്റ്റം

139. അടിയന്തിരപ്രാധാന്യമുള്ള വേലകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുതിയ സംവിധാനം എന്ന നിലയിലാണ് 'ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് ഇംപ്ലിമെന്റേഷൻ' സിസ്റ്റം ആരംഭിക്കുന്നത്. പ്രയോറിറ്റി പേയ്മെന്റ് സംവി

ധാനം നിലവിലുള്ളതിനാൽ അടിയന്തിര പ്രാധാന്യമുള്ള പല വേലകളും ഏറ്റെടുത്ത് നടത്താൻ കോൺട്രാക്ടർമാരില്ല എന്ന അവസ്ഥയുണ്ട്. തുടക്കത്തിൽ ഡെപ്പോസിറ്റ് വർക്കുകളും സ്പോൺസേർഡ് വർക്കുകളും നഗരസഭാ കെട്ടിടങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമാണ് ഈ ഫാസ്റ്റ് ട്രാക്ക് സിസ്റ്റത്തിൽ ഉൾപ്പെടുത്തുക. മേയർ, ഡെപ്യൂട്ടി മേയർ, വർക്ക്സ് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, പ്രതിപക്ഷത്തുനിന്നുള്ള പ്രതിനിധി, സെക്രട്ടറി, കോർപ്പറേഷൻ എഞ്ചിനീയർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരടങ്ങുന്നതായിരിക്കും ഫാസ്റ്റ് ട്രാക്ട് പ്രോജക്ട് കമ്മറ്റി. അടിയന്തിര പ്രാധാന്യമുള്ള പൊതുവേലകൾ ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിലൂടെ നടപ്പിലാക്കുന്നതിന് ഈ വർഷം 3 കോടി രൂപ നീക്കിവെക്കും.

## എച്ച്.ആർ.ഡി. വിംഗ്

140. കൗൺസിലർമാർക്കും ജീവനക്കാർക്കും കാര്യക്ഷമതാ വർദ്ധനവിനും സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിന് ഒരു എച്ച്.ആർ.ഡി. വിംഗ് രൂപീകരിക്കും. മാറുന്ന സാഹചര്യങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് കൗൺസിലർമാരെയും ജീവനക്കാരെയും പ്രാപ്തരാക്കുക എന്നുള്ളതാണ് എച്ച്.ആർ.ഡി. വിംഗിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

## ഓഫീസിൽ ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കും

141. ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം ഈ വർഷം തന്നെ സ്ഥാപിക്കും.

ഇതിലേക്കായി 15 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഡിവിഷൻതല പ്ലാനിംഗ് ഫോറം

142. ഓരോ ഡിവിഷന്റേയും വികസനത്തിന് പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഒരു പ്ലാനറുടെയോ, ആർക്കിടെക്ടിന്റേയോ, സിവിൽ എഞ്ചിനീയറുടെയോ നേതൃത്വത്തിലുള്ള ഒരു പ്ലാനിംഗ് ഫോറം രൂപീകരിക്കും. ഡിവിഷൻ കൗൺസിലർ നേതൃത്വം

നൽകുന്ന ഈ സാങ്കേതിക കമ്മറ്റിക്ക് ആവശ്യമായ വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കുമെന്ന ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചനീയേഴ്സും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ ഡിസൈനേഴ്സ് ഇന്ത്യയും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സും അറിയിച്ചിട്ടുണ്ട്. ഡിവിഷൻ തല ലാൻഡ് യൂട്ടിലൈസേഷൻ മാപ്പ് തയ്യാറാക്കിയായിരിക്കും ഈ സാങ്കേതിക കമ്മറ്റി പ്രവർത്തനം ആരംഭിക്കുന്നത്.

ഡിവിഷൻ തല പ്ലാനിംഗ് ഫോറം രൂപീകരിക്കുന്നതിന് ബജറ്റിൽ 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഫൈൻ ആർട്ട്സ് അവന്യൂ

143. ഡിവിഷൻതല പ്ലാനിംഗ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് മാതൃകയായി ഫൈൻ ആർട്സ് ജംഗ്ഷനിൽനിന്നും മഹാത്മാഗാന്ധി സ്റ്റ്യാച്ചു ജംഗ്ഷൻ വരെയുള്ള ഫോർഷോർ റോഡ് കേരളത്തിന്റെ തനത് കലാരൂപങ്ങളും ശിൽപ്പങ്ങളും ആലേഖനം ചെയ്ത ഒരു ഫൈൻ ആർട്ട്സ് അവന്യുവായി നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഡിസൈൻഡ് ഫുട്ട്പാത്തുകൾ, സൈഡ് ഡെയിൽ, മോഡേൺ ലൈറ്റിംഗ്, ലാൻഡ്സ്കേപ്പിംഗ് തുടങ്ങിയവ ഈ നവീകരണ-ബ്യൂട്ടിഫിക്കേഷൻ പദ്ധതിയുടെ ഭാഗമാണ്. സ്പോൺസർഷിപ്പ് മോഡലിൽ പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കും.

## ഡി.ടി.പി. സ്കീംസ്

144. നിലവിലുള്ള ഡീറ്റൈൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ പുനഃപരിശോധിക്കുവാൻ ജി.സി.ഡി.എ.യുടെയും ടൗൺ പ്ലാനിംഗ് വകുപ്പിന്റേയും സഹകരണത്തോടെ നടപടിയെടുക്കും. വൈറ്റില മൊബിലിറ്റി ഹബ് ഏരിയ, പള്ളുരുത്തി, ഇടക്കൊച്ചി, മുണ്ടംവേലി, ഇടപ്പള്ളി, കോന്തുരുത്തി, തേവര എന്നീ പ്രദേശങ്ങൾക്കായി പുതിയ ഡി.ടി.പി. സ്കീം തയ്യാറാക്കുന്നതിന് മുൻകൈയെടുക്കും.

## ബ്രോഡ്വെ-മാർക്കറ്റ് പദ്ധതി

145. എറണാകുളം മാർക്കറ്റും ബ്രോഡ്വെയും ഉൾപ്പെടുന്ന പ്രദേശത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഹെഡ് തയ്യാറാക്കിയ 22.1 കോടി രൂപ

യുടെ കേന്ദ്രാനുമതി ലഭിച്ച പദ്ധതിയുടെ ടെണ്ടർ നടപടികൾ ഇതിനകം തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പദ്ധതി ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കും.

### മാക്കാപറമ്പ് സബ്‌വേ

146. മാക്കാപ്പറമ്പ് നിവാസികളുടെ ദീർഘകാല ആവശ്യമായ മാക്കാപറമ്പ് സബ്‌വേയുടെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുക്കും. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി നഗരസഭ പ്ലാൻ ഫണ്ടിൽനിന്ന് 15 ലക്ഷം രൂപയും മേയേഴ്സ് ഡവലപ്‌മെന്റ് ഫണ്ടിൽനിന്ന് 15 ലക്ഷം രൂപയും അനുവദിക്കും. എം.പി. ഫണ്ടിൽനിന്ന് 20 ലക്ഷം രൂപ ലഭ്യമാക്കും.

## ആരോഗ്യരംഗം

147. കേരളത്തിൽനിന്നും അപ്രത്യക്ഷമായ പല സാംക്രമിക രോഗങ്ങളും അതിശക്തമായി തിരിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. ഇത്തരത്തിലുള്ള പകർച്ചവ്യാധികളെ നേരിടുന്നതിന് നഗരസഭ സുസജ്ജമായിരിക്കേണ്ടതുണ്ട്. സിറ്റി സാനിറ്റേഷൻ രംഗത്ത് നാം നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പൂർണ്ണമാവുന്നതോടുകൂടി ഒരു പരിധിവരെ ഇത്തരം രോഗങ്ങളെ നമുക്ക് ചെറുക്കാൻ സാധിക്കും.

### ഐ.എം.എ.യുമായി സഹകരിച്ചുകൊണ്ട് ആരോഗ്യപദ്ധതി

148. നഗരത്തിലെ മുഴുവൻ ഹെൽത്ത് വർക്കേഴ്സിനും മാലിന്യ ശേഖരണ തൊഴിലാളികൾക്കും സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കും. മുഴുവൻ ഹെൽത്ത് വർക്കേഴ്സിനും, മാലിന്യ ശേഖരണ തൊഴിലാളികൾക്കുമായി കോംപ്രിഹെൻസീവ് മെഡിക്കൽ ചെക്കപ്പ് ആന്റ് ട്രീറ്റ്മെന്റിനായുള്ള മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും.

149. നഗരത്തിലെ മുഴുവൻ ചേരിയിലും 100% ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം (പോളിയൊ, ഹെപ്പറ്റൈറ്റിസ് എ.& ബി.) പദ്ധതി നടപ്പിലാക്കും.

150. മുഴുവൻ പദ്ധതിയും ഐ.എം.എ. കൊച്ചി യൂണിറ്റിന്റെ സഹകരണത്തോടെ ആയിരിക്കും നടപ്പിലാക്കുക.

ഈ പദ്ധതികൾക്കായി ബജറ്റിൽ 5 ലക്ഷം രൂപ വകകൊള്ളിക്കുന്നു.

## സൗജന്യ ഡയാലിസിസ് യൂണിറ്റ്

151. വൃക്കരോഗം ബാധിച്ച ഡയാലിസിസ് ആവശ്യമുള്ള രോഗികൾക്കായി സൗജന്യമായി 7500 ഡയാലിസിസ് നടത്തുന്നതിനുള്ള ഒരു സംയുക്ത സംരംഭം Y's Men International ന്റെ സഹകരണത്തോടെ നടപ്പിലാക്കും. ഇതിലേക്കായി 15 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഹോമിയൊ ആശുപത്രി

152. എളംകുളത്ത് ഡ്രീംസ് ഹോട്ടലിനു പുറകിലായി നഗരസഭക്ക് ലഭിച്ച സ്ഥലത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കും.

ഇതിനായി ബജറ്റിൽ 15 ലക്ഷം രൂപ നീക്കിവെക്കുന്നു.

## മുഴുവൻ ഡിവിഷനുകളിലും ഹോമിയോ ആശുപതികൾ

153. നിലവിൽ 31 ഡിവിഷനുകളിൽ മാത്രമാണ് നഗരസഭാ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 43 ഡിവിഷനുകളിൽക്കൂടി ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുന്നതിന് ചാരിറ്റബിൾ സൊസൈറ്റീസ് ഓഫ് ഹോമിയോപത്സ് ഓഫ് കേരള എന്ന സംഘടനയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കും.

ഇതിലേക്കായി ബജറ്റിൽ 3 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പൊതുടോയ്ലെറ്റുകൾ

154. ആവശ്യത്തിന് പൊതുടോയ്ലെറ്റുകൾ നഗരത്തിലില്ലാത്തത് പൊതുജനങ്ങൾക്ക് സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ ചെറുതല്ല. നിരവധി പരിമിതികളാണ് നഗരസഭയ്ക്ക് മുന്നിൽ ഈ വിഷയവുമായി ബന്ധപ്പെട്ടുള്ളത്. അനുയോജ്യമായ സ്ഥല ലഭ്യതയാണ് ഇതിൽ പ്രധാനം. എന്നിരുന്നാലും കച്ചേരിപ്പടി അടക്കം 10 പ്രധാന കേന്ദ്രങ്ങളിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിന്റെ (എഫ്. ഐ.ടി.) സഹായത്തോടെ ഒരു മാസത്തിനകം ടോയ്ലെറ്റുകൾ നിർമ്മിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും.

ഈ പദ്ധതിക്കായി ബജറ്റിൽ 50 ലക്ഷം നീക്കിവെക്കുന്നു.

# വിദ്യാഭ്യാസം

## സ്മാർട്ട് ക്ലാസ് റൂം

155. നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ സ്കൂളിലും ഒരു 'സ്മാർട്ട് ക്ലാസ് റൂം' എന്ന സങ്കൽപ്പം ഈ വർഷം തന്നെ നടപ്പിൽ വരുത്തും. ഇതിനായി സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

156. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആവശ്യമായ ലാബ്, കമ്പ്യൂട്ടർ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതാണ്. മുഴുവൻ വിദ്യാലയങ്ങളിലേയും ടോയ്ലെറ്റുകൾ നവീകരിക്കും. പെൺകുട്ടികൾക്കുള്ള ടോയിലറ്റുകളിൽ സാനിറ്ററി നാപ്കിൻ ഡിസ്പോസലിനായുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തും.

157. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന സർക്കാർ പദ്ധതികളും ഊർജ്ജസ്വലമായി നടപ്പിലാക്കും. ഈ മേഖലയിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും നേടുന്ന പുരോഗതി വിലയിരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തും.

## ബെസ്റ്റ് സ്ക്കൂൾ

158. നഗരസഭയ്ക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് ഈ വർഷം മുതൽ 'ബെസ്റ്റ് സ്കൂൾ അവാർഡ്' ഏർപ്പെടുത്തും.

## മൈ സിറ്റി, മൈ പ്രൈഡ്

159. നഗരത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഈ വർഷത്തെ പ്രവേശനോത്സവ സന്ദേശം 'മൈ സിറ്റി, മൈ പ്രൈഡ്' എന്നുള്ളതായിരിക്കും. പുതിയൊരു ശുചിത്വ സന്ദേശം കുട്ടികളിലൂടെ സമൂഹത്തിലെത്തിക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. ജില്ലാ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടത്തുന്ന

ഈ പദ്ധതിയിൽ സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സഹായവുമുണ്ടായിരിക്കും.

വിദ്യാഭ്യാസ മേഖലയ്ക്കായി ബജറ്റിൽ 2 കോടി രൂപ നീക്കിവെക്കുന്നു.

## കായികം

### തോപ്പുംപടിയിൽ പുതിയ സ്റ്റേഡിയം

160. നഗരസഭയുടെ നേതൃത്വത്തിൽ തോപ്പുംപടിയിൽ പണിയാരംഭിച്ച വാലുമ്മേൽ സ്റ്റേഡിയം നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കും. എം.പി. ഫണ്ടിൽ നിന്നും ഒരു കോടി 35 ലക്ഷം രൂപ ഇതിനായി ലഭിച്ചിട്ടുണ്ട്.

### മേയേഴ്സ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ്

161. ഈ വർഷം മുതൽ കൊച്ചി നഗരത്തിലെ വിദ്യാലയങ്ങൾക്കായി മേയേഴ്സ് ട്രോഫിക്കായുള്ള ഫുട്ബോൾ മത്സരം സംഘടിപ്പിക്കും. ടീമുകളുടെ പരിശീലനത്തിനും കിറ്റുകൾക്കുമായുള്ള സാമ്പത്തിക സഹായം നഗരസഭ നൽകും.

162. അടുത്തവർഷം മുതൽ അത്‌ലറ്റിക്സിനും വോളിബോളിനും വരും വർഷങ്ങളിൽ എല്ലാ മേഖലകളിലും മേയേഴ്സ് ട്രോഫിക്കായുള്ള ഇന്റർ സ്കൂൾ മത്സരങ്ങൾ ആരംഭിക്കും.

### എല്ലാവർക്കും നീന്തൽ പരിശീലനം

163. എല്ലാവരും നീന്തൽ പഠിക്കുക എന്ന ഉദ്ദേശത്തോടുകൂടി നഗരത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും റീജിയണൽ സ്പോർട്സ് സെന്ററിന്റെ സഹായത്തോടെ നീന്തൽ പരിശീലനപരിപാടി ആരംഭിക്കും.

### കൊച്ചിൻ മാരത്തൺ

164. എല്ലാ വർഷവും നഗരസഭാ നേതൃത്വത്തിൽ റീജിയണൽ സ്പോർട്സ് സെന്ററിന്റെയും സ്പോർട്സ് കൗൺസിലിന്റെയും മറ്റ് കായിക സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കൊച്ചിൻ മാരത്തൺ സംഘടിപ്പിക്കും.

## ക്യാച്ച് ദെം യംഗ്

165. 'ക്യാച്ച് ദെം യംഗ്' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് നഗരത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കായികക്ഷമതാ പരിശീലനം നൽകുന്നതിനും മികച്ച കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും ഒരു പദ്ധതി വിദ്യാലയങ്ങളുടെയും കായികാധ്യാപകരുടെയും നേതൃത്വത്തിൽ ഈ വർഷം ആദ്യം തന്നെ ആരംഭിക്കും.

166. നഗരസഭാപരിധിയിൽ കായികാദ്ധ്യാപകരില്ലാത്ത ഹൈസ്ക്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിലെ തത്പരരായ മറ്റ് അദ്ധ്യാപകർക്ക് കായികാദ്ധ്യാപക പരിശീലനം നൽകുന്നതിന് പരിപാടി ആവിഷ്കരിക്കും.

167. ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക്, വൊക്കേഷണൽ ഹൈയർ സെക്കണ്ടറി എഡ്യുക്കേഷൻ ഉൾപ്പെടെ, പ്രായത്തിനനുസൃതമായി കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യും.

168. സ്കൂൾ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ, ക്രിക്കറ്റ്, ഹോക്കി, വോളിബോൾ തുടങ്ങിയവയിൽ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കും.

169. സ്പോർട്ട്സ് രംഗത്തെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായുള്ള അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കും.

170, കായിക മേഖലയ്ക്കായി ബജറ്റിൽ 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## എളമക്കര പ്ലേഗ്രൗണ്ട്

171. എളമക്കര പ്ലേഗ്രൗണ്ട് നവീകരിച്ച് ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിന്റെ ഒന്നാംഘട്ടത്തിലേക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## സ്പോർട്സ് ട്രെയിനിംഗ് സെന്റർ

172. എളംകുളം വെസ്റ്റ് യു.പി. സ്കൂളിനെ, സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്തിക്കൊണ്ട്, ഒരു സ്പോർട്സ് ട്രെയിനിംഗ് സെന്ററാക്കി മാറ്റുന്നതിന് ബഹു. സംസ്ഥാന സർക്കാർ സഹായത്തോടെ പദ്ധതി തയ്യാറാക്കും. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## സംസ്കാരം

173. സാഹിത്യത്തിലും ചിത്രകലയിലും സാമൂഹ്യ രാഷ്ട്രീയ സംഗീത നാടക-സിനിമാ രംഗത്തുമെല്ലാം വിശ്വപ്രശസ്തരായ നിരവധി വ്യക്തിത്വങ്ങൾക്ക് ജന്മംനൽകിയ നഗരമാണ് നമ്മുടെ കൊച്ചി. നമുക്ക് മുമ്പേ ജീവിച്ച് മൺമറഞ്ഞു പോയവരാണ് ഈ മഹാന്മാരിൽ ഒട്ടനവധി പേർ. ആ മഹാത്മാക്കളുടെ ഓർമ്മകളെ അനശ്വരമാക്കുന്ന രീതിയിലുള്ള സ്മാരകങ്ങളും സ്ഥാപനങ്ങളും സംസ്ഥാപിക്കുക എന്നത് ഈ കൗൺസിലിന്റെ പ്രധാന കർമ്മപരിപാടികളിലൊന്നാണ്. സ്മാരകങ്ങളും സ്ഥാപനങ്ങളും നിർമ്മിക്കുന്നതിന് ഈ ബജറ്റിൽ 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## മട്ടാഞ്ചേരി-ഫോർട്ട്കൊച്ചി യുനസ്കോ സഹായത്തോടുകൂടിയ ഹെറിറ്റേജ് പ്രോജക്ട്

174. മട്ടാഞ്ചേരിയുടെയും ഫോർട്ട്കൊച്ചിയുടെയും നവീകരണവും ടൂറിസം വികസനവും പൈതൃകസംരക്ഷണവും ലക്ഷ്യമാക്കി നഗരസഭയ്ക്ക് വേണ്ടി യുനസ്കൊ തയ്യാറാക്കിയ പദ്ധതിക്കായി സംസ്ഥാന സർക്കാർ 15 കോടി രൂപ അനുവദിക്കാമെന്നറിയിച്ചിട്ടുണ്ട്. മട്ടാഞ്ചേരിയുടേയും, ഫോർട്ട്കൊച്ചിയുടേയും മുഖഛായ മാറ്റാനുതകുന്ന പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

175. ഫോർട്ട്കൊച്ചി ജെട്ടിയുടെയും ബസ്സ്റ്റാന്റ് പരിസരത്തിന്റെയും വികസനം, മട്ടാഞ്ചേരി പാലസ്, മട്ടാഞ്ചേരി ജെട്ടി എന്നിവയുടെ പരിസരങ്ങളുടെ വികസനം, മട്ടാഞ്ചേരിയിലെയും ഫോർട്ട്കൊച്ചിയിലെയും പൊതുസ്ഥലങ്ങളുടെ സംരക്ഷണവും വികസനവും, പൈതൃക പ്രാധാന്യമുള്ള പൊതു-സ്വകാര്യ കെട്ടിടങ്ങളുടെ സംരക്ഷണം, ഫോർട്ട്കൊച്ചിയുടെ കായൽ-കടൽ തീരങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും ലൈറ്റിംഗും, കൽവത്തി കനാലിന്റെ പുനരുദ്ധാരണം, മട്ടാഞ്ചേരി തെരുവിന്റെ പുനരുദ്ധാരണം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി വരും.

176. ഈ പദ്ധതിയുടെ കോ-ഓർഡിനേഷൻ നടത്തുന്നതും ഹെറിറ്റേജ് സെല്ലായ് പ്രവർത്തിക്കുന്നതും സി-ഹെഡായിരിക്കും. സി-ഹെഡിന്റെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 30 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഓപ്പൺ എയർ തീയേറ്റർ

177. വഴിയോരങ്ങളിൽ പൊതുയോഗങ്ങൾ ചേരുന്നത് നിരോധിച്ചതിന്റെ പശ്ചാത്തലത്തിൽ പൊതുയോഗങ്ങൾക്ക് കൂടി ഉപയോഗിക്കാവുന്ന തരത്തിൽ ഹൈക്കോടതി ജംഗ്ഷനിൽ നഗരസഭ സ്ഥലത്തും, മറ്റ് ഇടങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയും, ഓപ്പൺ എയർ തീയറ്റർ മാതൃകയിൽ പൊതുപരിപാടികൾക്കുള്ള കേന്ദ്രങ്ങൾ പണിയുന്നതിനും, ടിപ് ടോപ് അസീസ് ഓപ്പൺ എയർ സ്റ്റേജ് നവീകരിക്കുന്നതിനും ബജറ്റിൽ 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ലൈബ്രറികളുടെ നടത്തിപ്പ്

178. ലൈബ്രേറിയന്മാരുടെ അഭാവംമൂലം മിക്ക നഗരസഭാ ലൈബ്രറികളും പ്രവർത്തിക്കുന്നില്ല. ലൈബ്രറികളിൽ ലൈബ്രേറിയന്മാരുടെ നിയമനം നടക്കാത്ത സാഹചര്യത്തിൽ ലൈബ്രറികളുടെ നടത്തിപ്പ് ചുമതല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ സി-ഹെഡ് ഏറ്റെടുക്കും. ലൈബ്രറികളുടെ നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം സി-ഹെഡിന് അനുവദിക്കുന്നതായിരിക്കും. 10 ലക്ഷം രൂപ ഇതിലേക്കായി നീക്കിവെക്കുന്നു.

## കൊച്ചിൻ സിറ്റി മ്യൂസിയം

179. കൊച്ചി നഗരത്തിന്റെ ചരിത്രം, സംസ്ക്കാരം, നഗരവികസനം എന്നിവ പുറംലോകത്തിനും നഗരവാസികൾക്ക് തന്നെയും പരിചയപ്പെടുത്തുന്നതിനുതകുന്ന ഒരു മ്യൂസിയം ഇന്ന് നഗരത്തിലില്ല. ഈ ആവശ്യത്തിലേക്കായി സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കൈവശമുള്ള ബാസ്റ്റ്യൻ ബംഗ്ലാവ് വിട്ടുതരുന്നതിന് ബഹു. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കും. ഇതിനാവശ്യമായ പദ്ധതി രേഖ തയ്യാറാക്കി ബഹു. സംസ്ഥാന സർക്കാരിനുമുന്നിൽ സമർപ്പിക്കുന്നതായിരിക്കും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സി-ഹെഡിനെ ചുമതലപ്പെടുത്തുന്നു.

## സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം, പള്ളുരുത്തി

180. പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ് ഇടക്കൊച്ചിയിലേക്ക് മാറുന്ന മുറയ്ക്ക് പള്ളുരുത്തിയിൽ നിലവിലുള്ള സ്ഥലത്ത് ഒരു സയൻസ് ആന്റ് ടെക്നോളജി

മ്യൂസിയം നിർമ്മിക്കും. ഇതിന് ഭാരത സർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി മന്ത്രാലയത്തിന്റെ സഹായം തേടും.

## കൊച്ചി അന്താരാഷ്ട്ര ചലച്ചിത്രോത്സവം

181. ഈ നഗരത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായി മാറാവുന്ന തരത്തിലുള്ള ഒരു അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഈ വർഷം മുതൽ സംഘടിപ്പിക്കുന്ന തായിരിക്കും. കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമിയുടെയും നഗരത്തിലെ ഫിലിം സൊസൈറ്റികളുടെയും സഹകരണത്തോടുകൂടിയായിരിക്കും ഈ ചലച്ചിത്രോത്സവം സംഘടിപ്പിക്കുക.

ഇതിലേക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## പശ്ചിമകൊച്ചിയിൽ മൾട്ടിപ്ലക്സ്

182. പശ്ചിമകൊച്ചിയിലുള്ള നഗരസഭയുടെ തീയറ്റർ ആയ കോക്കേഴ്സ് ലോംഗ് ലീസിനെടുത്ത വ്യക്തിയിൽനിന്നും തിരിച്ചെടുത്ത് ആധുനിക രീതിയിലുള്ള ഒരു മൾട്ടിപ്ലക്സ് ആക്കിമാറ്റും. ഇതിനായി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായം തേടും.

## കൊച്ചി ബിനാലെ

183. ലോകത്തിലെ വൻ നഗരങ്ങളിൽ നടക്കുന്ന സമകാല കലയുടെ ഉത്സവ മാണ് ബിനാലെകൾ. കൊച്ചി നഗരത്തിനെ കലയുടെ ലോകഭൂപടത്തിലെത്തി ക്കാനുള്ള ശ്രമമെന്ന നിലയിൽ കൊച്ചി ബിനാലയെ നഗരസഭ പൂർണ്ണമന സ്സോടെ സ്വാഗതം ചെയ്യുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നഗരസഭയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ സുതാര്യമായ രീതിയിൽ ബിനാലെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ക് നേതൃത്വം നൽകും.

## സോഷ്യൽ പോലീസിംഗ്

184. പോലീസിന്റേയും റെസിഡന്റ്സ് അസോസ്സിയേഷനുകളുടെയും വിദ്യാർ ത്ഥികളുടെയും മറ്റ് പൗരജനങ്ങളുടെയും സഹകരണത്തോടെ ഒരു 'സോ ഷ്യൽ പോലീസിംഗ്' പദ്ധതി ആരംഭിക്കും. പൊതുസ്ഥലങ്ങളിൽ മാലിന്യം

നിക്ഷേപം ചെയ്യുന്നവരോടും, അനധികൃത ഹോർഡിംങ്ങിലൂടെയും പരസ്യങ്ങളിലൂടെയും നഗരത്തെ മലീമസമാക്കുന്നവരേയും നികുതി വെട്ടിപ്പ് നടത്തുന്നവരേയും മറ്റും കണ്ടെത്തുന്നതിന് നഗരസഭയെ സഹായിക്കാനുതകുന്ന രീതിയിലാണ് ഈ ആശയം വികസിപ്പിക്കാനുദ്ദേശിക്കുന്നത്. നഗരസഭയിൽനിന്നും പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഈ സംവിധാനം ഉപയുക്തമാക്കും. ഇതിന്റെ ഘടന, പ്രവർത്തനരീതി എന്നിവ ഉടനെ തന്നെ തയ്യാറാക്കും.

### വനിതാ ഹോസ്റ്റൽ

185. സക്കുപറമ്പിൽ പുതിയ ഒരു വനിതാ ഹോസ്റ്റൽ പണി കഴിപ്പിക്കും. ഇതിന്റെ നിർമ്മാണ പ്രവർത്തനം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ ഇതിനകം തന്നെ ഏല്പിച്ചുകഴിഞ്ഞിട്ടുണ്ട്. 1 കോടി 20 ലക്ഷം രൂപ ഇതിനായി ഡിപ്പോസിറ്റായി നൽകിയിട്ടുണ്ട്.

## മത്സ്യമേഖല

### ഇൻഷ്വറൻസ് പദ്ധതി

186. മത്സ്യത്തൊഴിലാളികൾക്ക് അപകടമരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി മത്സ്യഫെഡുമായി സഹകരിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കും. ഈ പദ്ധതിയുടെ ഭാഗമായി, കൊച്ചി നഗരപരിധിയിൽ താമസിക്കുന്ന മൂവായിരത്തി ലേറെ വരുന്ന മത്സ്യതൊഴിലാളികളുടെ ഇൻഷ്വറൻസ് പ്രീമിയം തുക നഗരസഭ വഹിക്കും. ഈ പദ്ധതിക്കായി 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

### ഉപകരണങ്ങൾ, വായ്പകൾ

187. നഗര തീരപ്രദേശത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് വരുമാനം മെച്ചപ്പെടുത്തുന്നതിലേക്ക് ഉതകുന്ന തരത്തിൽ 1,44,25,000/- രൂപയുടെ മത്സ്യ ബന്ധന ഉപകരണങ്ങൾ, വായ്പകൾ, സബ്സിഡികൾ എന്നിവ ലഭ്യമാക്കും. നഗരസഭ, കെ.എസ്.യു.ഡി.പി, മത്സ്യഫെഡ് എന്നിവയുടെ സംയുക്ത സംരംഭമായി പദ്ധതി നടപ്പാക്കും.

## മാർക്കറ്റുകൾ

188. മത്സ്യ മാർക്കറ്റുകളിൽ, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻ.എഫ്.ഡി.ബി.) സഹായത്തോടെ തേവര മാർക്കറ്റിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം മാർക്കറ്റിനായുള്ള നവീകരണ പദ്ധതികൾ ഉടനടി ആരംഭിക്കും. ചമ്പക്കര, പോളക്കണ്ടം തുടങ്ങിയ മാർക്കറ്റുകളുടെ നവീകരണത്തിനും എൻ.എഫ്.ഡി.ബി സഹായം തേടിയിട്ടുണ്ട്. പച്ചാളം, ഇടപ്പള്ളി, കൂവപ്പാടം, പള്ളുരുത്തി കച്ചേരിപ്പടി എന്നീ മാർക്കറ്റുകൾ നവീകരിക്കും.

## ഫിഷ് ലാന്റിംഗ് സെന്റർ

189. മൂലംകുഴി, തേവര, മാനാശ്ശേരി, ആൽബുക്കർക്ക് എന്നിവിടങ്ങളിലെ ഫിഷ് ലാന്റിംഗ് സെന്ററുകൾ നവീകരിക്കും.

ഇതിനായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

# സാമൂഹ്യ സുരക്ഷാ പദ്ധതികൾ

## എല്ലാവർക്കും വീട്

190. നഗരത്തിന്റെ സ്ഥലപരവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യം വച്ചു കൊണ്ടുള്ള പദ്ധതികളുടെ ആസൂത്രണവും നടപ്പിലാക്കലും പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് നഗരവാസികൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളും. സാമ്പത്തിക പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളും വയോ ജനങ്ങളും രോഗികളും സ്ത്രീകളും കുട്ടികളുമടക്കമുള്ള പൗരജനങ്ങളുടെ സാമൂഹ്യമായ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് നഗരസഭയുടെ പ്രധാന കടമ കളിലൊന്നാണ്. നഗരത്തിലെ പാർപ്പിടമില്ലാത്ത സ്വന്തമായി ഭൂമിയുള്ള ഏറെ ക്കുറെ എല്ലാവർക്കും ഇതിനകം തന്നെ പാർപ്പിടം നിർമ്മിച്ചു നൽകുകയോ അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്. സ്വന്തമായ ഭൂമിയുള്ള മുഴുവൻ ജനങ്ങൾക്കും വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കും.

## എല്ലാവർക്കുംവീട്... എല്ലാവർക്കും വെള്ളം...

191. നഗരത്തിലെ വൈദ്യുതീകരിക്കാത്തതും കുടിവെള്ള കണക്ഷനില്ലാത്തതുമായ മുഴുവൻ ഭവനങ്ങളും വൈദ്യുതിയും കുടിവെള്ള കണക്ഷനും നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. സ്വന്തമായി കക്കൂസ് സൗകര്യമില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യവും ഏർപ്പെടുത്തും.

192. സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി ഈ ബജറ്റിൽ 1 കോടി രൂപ നീക്കി വയ്ക്കുന്നു.

## ലാൻഡ് ടെന്യൂർ

193. കുടികിടപ്പവകാശം ലഭിക്കാതെ വഖഫ് ബോർഡ് ഭൂമിയിലും ദേവസ്വം ബോർഡ് ഭൂമിയിലും മറ്റും കഴിയുന്ന കുടുംബങ്ങൾക്ക് സ്ഥലത്തിനുള്ള ഉടമസ്ഥാവകാശം ലഭ്യമാക്കുന്ന പദ്ധതി ഇ.എം.എസ് ഭവനപദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കും.

## അംഗനവാടികൾ

194. നഗരത്തിലെ 400 അംഗനവാടികളിലും ആവശ്യമായ ഫർണിച്ചറുകൾ, പാത്രങ്ങൾ, ഗ്യാസ് സ്റ്റൗ, ഗ്യാസ് കണക്ഷൻ എന്നിവ നൽകും. ഇപ്പോൾ നടപ്പിലാക്കി വരുന്ന അനുപൂരക പോഷകാഹാര പദ്ധതി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കും. അംഗനവാടികളുടെ കെട്ടിടനിർമ്മാണത്തിനും പഴയവയുടെ മെയിന്റനൻസിനും കൂടുതൽ തുക നീക്കിവെക്കും. 3 ഐ.സി.ഡി.എസ്. ഓഫീസുകളുടെയും ആധുനികവത്കരണപദ്ധതികൾ പൂർത്തിയാക്കും.

ഈ ആവശ്യങ്ങൾക്കായി ബജറ്റിൽ 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## നഗരസഭ 'സ്നേഹഭവനങ്ങൾ'

195. നിരാലംബരായ കുട്ടികളുടേയും സ്ത്രീകളുടേയും വയോജനങ്ങളുടേയും സംരക്ഷണത്തിനായി നഗരസഭ സ്വന്തമായും മറ്റ് സന്നദ്ധ സ്ഥാപനങ്ങളുടെ

സഹായത്തോടെയും നടത്തിവരുന്ന സ്ഥാപനങ്ങൾ, സ്നേഹഭവനങ്ങൾ, നിരവധി പരിമിതികളിലൂടെയാണെങ്കിലും സുസ്ത്യർഹമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലായുള്ള നിരവധി വ്യക്തികളുടെ പിന്തുണയും പിൻബലവും മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ ഈ സംരംഭങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് നഗരസഭക്ക് എന്നും മുതൽ കൂട്ടായിരുന്നു.

196. പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ്, പള്ളുരുത്തി സ്നേഹഭവൻ, പ്രത്യാശാ ഭവൻ, കരിത്തല ശാന്തിഭവൻ, വൃദ്ധമന്ദിരം, വികലാംഗ വനിതാമന്ദിരം, വാൽസല്യ ഭവൻ, നൈറ്റ് ഷെൽട്ടറുകൾ, ഗുഡ്ഹോപ്പ് തുടങ്ങിയ പത്തോളം സ്നേഹഭവനങ്ങൾ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പീപ്പിൾസ് സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസ്, കൾച്ചറൽ അക്കാദമി ഫോർ പീസ്, ഡോൺ ബോസ്കോ, സിസ്റ്റേഴ്സ് ഓഫ് ദി ഡെസ്റ്റിറ്റ്യൂട്സ് തുടങ്ങിയ സ്ഥാപനങ്ങളുടെയും സഹായം ഇവയുടെ നടത്തിപ്പിനായി നഗരസഭയ്ക്ക് ലഭിക്കുന്നുണ്ട്. മനുഷ്യ സ്നേഹികളായ നിരവധി വ്യക്തികളുടെ വ്യക്തിഗത സഹായവും നിരവധിയാണ്.

സ്നേഹ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## രാജീവ് ആവാസ് യോജന (ആർ.എ.വൈ.)

197. 'ചേരി രഹിത ഇന്ത്യ' എന്ന ലക്ഷ്യംവച്ച് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് രാജീവ് ആവാസ് യോജന. നിലവിലുള്ള ചേരികളെ നഗരത്തിന്റെ മുഖ്യ ധാരയിലേക്ക് ഉയർത്തുന്ന തരത്തിൽ നഗരവികസനം അസൂത്രണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സമയബന്ധിത കർമ്മപരിപാടിയാണിത്. പാർപ്പിടം, സാമൂഹ്യ/ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ സമഗ്ര വികസനത്തിലൂടെയും പുനരുദ്ധാരണത്തിലൂടെയും നഗര ചേരികളെ മൊത്തം നഗര വികസനത്തിന്റെ ഭാഗമാക്കി വികസിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

198. കൊച്ചി നഗരസഭയിൽ 'രാജീവ് ആവാസ് യോജന' പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുവരെ 110 കോളനികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിനായി തുരുത്തി കോളനി (ഡിവിഷൻ-2) ഉദയാ കോളനി (ഡിവിഷൻ-61) ബീച്ച് കോളനി (ഡിവിഷൻ-23, 24, 26, 27) എന്നിവ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ തുരുത്തി കോളനിയുടെയും ഉദയാ കോളനിയുടേയും ഡ്രാഫ്റ്റ് ഡീറ്റെയിൽഡ് റിപ്പോർട്ട് (ഡി.ഡി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. ബീച്ച് കോളനിയിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കും.

## ക്ലീൻ - ഹൈജിനിക് ഫുഡ്

199. നഗരത്തിലെ അംഗീകൃത ഭക്ഷണശാലകളിൽ പഴകിയതും ഉപയോഗ യോഗ്യമല്ലാത്തതുമായ ഭക്ഷണപദാർത്ഥങ്ങൾ വിൽക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് അതിശക്തവും കർക്കശവുമായ നിലപാടാണ് നഗരസഭ സ്വീകരിച്ചുവരുന്നത്. ഇവ കൂടുതൽ ഫലപ്രദമാക്കുന്നതിനും നഗരത്തിൽ 100% ശുചിത്വ ഭക്ഷണം ഉറപ്പ് വരുത്തുന്നതിനുമായ ഒരു പദ്ധതി നഗരസഭ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസ്സിയേഷനുമായി ചേർന്ന് ആവിഷ്കരിക്കും.

200. നഗരത്തിലെ എല്ലാ അംഗീകൃത ഹോട്ടലുകളുടേയും 'ബേസിക് ഹൈജിനിക് കണ്ടീഷൻസ്' ഉയർത്തുന്നതിനുള്ള പദ്ധതി കെ.എച്ച്.ആർ.എ. ഏറ്റെടുത്ത് ഉടനടി നടപ്പിലാക്കും. ഹോട്ടൽ ജീവനക്കാർക്ക് സാംക്രമിക രോഗങ്ങളൊന്നുമില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് പീരിയോഡിക്കൽ കമ്പൽസറി മെഡിക്കൽ ചെക്കപ്പ് നിർബന്ധമാക്കും.

201. ലൈസൻസില്ലാത്തതും വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നതും ഗതാഗതം തടസ്സം സൃഷ്ടിക്കുന്നതുമായ കോർപ്പറേഷൻ പരിധിയിലുള്ള എല്ലാ തട്ടുകടകളും നീക്കം ചെയ്യും. അനുമതിയോടെ പ്രവർത്തിക്കുന്ന തട്ടുകടകൾക്ക് മിനിമം സ്റ്റാൻഡേർഡ് നിർബന്ധമാക്കും. പണിയെടുക്കുന്നവർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കും. ഉപയോഗിക്കുന്നത് ശുദ്ധജലമാണെന്നുറപ്പ് വരുത്തും. ഉപയോഗിക്കുന്ന വെള്ളവും പുറത്ത് വരുന്ന മാലിന്യവും അതാത് തട്ടുകട ഉടമകൾ തന്നെ സംസ്കരിക്കുന്നു എന്ന് ഉറപ്പ് വരുത്തും.

202. എല്ലാ ഹോട്ടലുകളിലും ബയോ-പോട്ട്, വെർമി കമ്പോസ്റ്റിംഗ് യൂണിറ്റ്, ബയോഗ്യാസ് എന്നിവ നിർബന്ധമാക്കും.

## പട്ടികജാതി വികസനം

203. ഭവനരഹിതർക്കായുള്ള ഭവനപദ്ധതിയിൽ വീടുകൾ പുതുക്കിപ്പണിയുന്നതിനും, കുടിവെള്ള ഹൗസ് കണക്ഷനും വിദ്യാഭ്യാസ പദ്ധതികൾക്കുമായി 13.43 കോടി ചെലവഴിക്കും. ഈ പദ്ധതികളുടെ സമയബന്ധിതമായ നടപ്പാക്കലിനു പദ്ധതി പണം ചെലവഴിക്കുന്നതും ഒരു പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും.

204. മുൻ ബജറ്റിൽ സൂചിപ്പിച്ചതു പോലെ പട്ടികവിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണത്തിലുള്ള കുറവും സർക്കാർ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹമില്ലാത്തതുമടക്കമുള്ള നിരവധി പ്രശ്നങ്ങൾ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## വഴിവാണിഭം

205. നഗരസഭ പ്രദേശത്ത് വഴിയോര ഭക്ഷണ വിൽപന നടത്തുന്നവരുടെ (അംഗീകൃത) സാമൂഹിക/സാമ്പത്തിക ഉന്നമനത്തിന് ആവശ്യമായ തരത്തിലുള്ള പുനരധിവാസ പാക്കേജ് നടപ്പിലാക്കും. ചെറുകിട കച്ചവടക്കാർക്ക് ആവശ്യമായ നിയമനിർമ്മാണം നടപ്പിലാക്കുന്ന ദേശീയ നയ മാതൃകാ ബില്ലിന് രൂപം നൽകിയതിന്റെ ഭാഗമായി നഗര കച്ചവടകമ്മറ്റി രൂപീകരിക്കും. ഭക്ഷണ വിൽപന നടത്തുന്നവർക്കായി ആധുനിക തട്ടുകട നിർമ്മിച്ചുനൽകും. ഇതിനായി സിൻഡിക്കേറ്റ് ബാങ്ക് ഒരു കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. കച്ചവടക്കാർക്കായി ലഭ്യമാകുന്ന ലോണിന് സബ്സിഡി ഇനത്തിൽ 25 ലക്ഷം രൂപ കെ.എസ്.യു.ഡി.പി.യിൽനിന്നും അനുവദിക്കും. ആദ്യ ഘട്ടത്തിൽ 50 പേർക്കും ഘട്ടം-ഘട്ടമായി മുഴുവൻ കച്ചവടക്കാരെയും പദ്ധതിയിൽ ഉൾപ്പെടുത്തും. കൊച്ചി നഗരസഭ, കെ.എസ്.യു.ഡി.പി, സംസ്ഥാന സർക്കാർ, ഭാരതസർക്കാർ എന്നിവയുടെ സംയുക്ത സംരംഭമായി പദ്ധതി നടപ്പിലാക്കും.

## വികലാംഗക്ഷേമം

206. വികലാംഗരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ ഈ നടപ്പുവർഷം ആരംഭിക്കും. റോഡുകളിലും പൊതുകെട്ടിടങ്ങളിലും വികലാംഗർക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതിന് നിയമനിർമ്മാണം നടത്തും. വികലാംഗർക്കായുള്ള ഉപകരണ വിതരണം കൂടുതൽ കാര്യക്ഷമമാക്കും. ഇതിനായി ബജറ്റിൽ 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## വയോജനങ്ങളുടെ സംരക്ഷണം

207. നമ്മുടെ നാടിന്റെ വളർച്ചക്കും വികസന കുതിപ്പിനും വേണ്ടി ജീവിതകാലം മുഴുവൻ അദ്ധ്വാനിക്കുകയും നമുക്ക് അറിവും കഴിവും പകർന്ന് രാജ്യ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്ത വന്ദ്യവയോധികരെ സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്. വയോജന സംരക്ഷണവും പരിപാലനവും മുന്തിയ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട ക്ഷേമപദ്ധതികളാണ്. ഈ ദിശയിലെ സുപ്രധാന കാൽവെയ്പാണ് കൊച്ചി നഗരസഭയിലെ വയോമിത്രം പദ്ധതി. കൊച്ചി നഗര പരിധിയിലുള്ള വയോജനങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, ആരോഗ്യക്ഷേമം എന്നിവയാണ് ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് കെയർ യൂണിറ്റ്, ആംബുലൻസ് സർവ്വീസ്, സൗജന്യ തിമിര ശസ്ത്രക്രിയാ ക്യാമ്പുകൾ, വയോ ക്ലബ്ബുകൾ, പകൽ വീട്/വയോജന പാർക്ക്, വയോജന കാർഡ്/ഹെൽത്ത് കാർഡ് എന്നിവയാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലഭ്യമാവുന്ന സേവനങ്ങൾ.

## ദാരിദ്ര്യ ലഘൂകരണം

208. കുടുംബശ്രീ ഉൽപന്നങ്ങൾ വിതരണം നടത്തുന്നതിലേക്കായി ഒരു സ്ഥിരം വിപണന കേന്ദ്രം സ്ഥാപിക്കും. ഒരു തൊഴിൽ സാങ്കേതിക മാനവശേഷി വിഭവ വികസന പരിശീലന കേന്ദ്രം ഉന്നത നിലവാരത്തോടു കൂടി ആരംഭിക്കും. എറണാകുളം നോർത്ത് യു.പി.എ.ഡി.യിൽ പ്രവർത്തനം നടത്തിവരുന്ന സ്ത്രീ പദവി സ്വയംപഠന കേന്ദ്രത്തിൽ സ്ഥിരം കൗൺസലിംഗ് സംവി

ധാനം ഏർപ്പെടുത്തും. മട്ടുപ്പാവ് കൃഷി, സ്ഥലം ലഭ്യമാകുന്നിടത്തെല്ലാം വിവിധ പച്ചക്കറി/ഫല/പുഷ്പകൃഷി പദ്ധതി കുടുംബശ്രീ വഴി നടപ്പിലാക്കും. ശുചിത്വവർഷം പരിപാടികളുടെ ഭാഗമായി നിലവിലുള്ള കുടുംബശ്രീ മാലിന്യ ശേഖരണ യൂണിറ്റുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കും. യൂണിഫോം ഹെൽത്ത് കിറ്റ്, മാച്ചിംഗ് ഗ്രാന്റ് തുടങ്ങിയവ കുടുംബശ്രീകൾക്ക് അനുവദിക്കും. പുതിയ കുടുംബശ്രീ യൂണിറ്റുകൾ എല്ലാ ഡിവിഷനുകളിലും ആരംഭിക്കും.

ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്കായി ഒരു കോടി രൂപ നീക്കിവെക്കുന്നു.

## ബി.എസ്.യു.പി. ഭവനപദ്ധതി

209. നഗരപ്രദേശങ്ങളിൽനിന്നും ചേരികൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി കൊച്ചി നഗരസഭയോട് ചുറ്റുമുള്ള 10 പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും കൂടി ഉൾപ്പെടുന്ന നഗരവികസന പദ്ധതി ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 3 ഘട്ടമായി 10354 വീടുകളും 10 ചേരികളും കൂടാതെ പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റിനേയും ഉൾപ്പെടുത്തി കേന്ദ്രാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കൊച്ചി നഗരസഭയ്ക്ക് മാത്രമായി ലഭിച്ച 5830 വീടുകളിൽ 4920 വീടുകളുടെ നിർമ്മാണം തുടങ്ങുവാനും ഇതിൽ 3786 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 766 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 676 വീടുകൾ വാസയോഗ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നത് എടുത്തുപറയേണ്ട നേട്ടമാണ്. ഏകദേശം 8 കോടി 34 ലക്ഷം രൂപ ഭവന നിർമ്മാണത്തിനായി മാത്രം ചെലവഴിക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട 10 ചേരികളിൽ മട്ടാഞ്ചേരി അസറാജ് പറമ്പ് കോളനിയുടെ നിർമ്മാണം തുടങ്ങുന്നതിനും സാധിച്ചു. 380 പേരെ അധിവസിപ്പിക്കുവാൻ കഴിയുന്ന ബൃഹദ്പദ്ധതിയായ മുണ്ടംവേലി കോളനിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കും.

## കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം

210. 16 കോടി രൂപ ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഡ്രൈനേജ്, ഫുട്പാത്ത്, റോഡ്, പൈപ്പ്, കാന, കമ്മ്യൂണിറ്റി ഹാൾ, അങ്കണവാടികൾ, ഹോമിയോ ഡിസ്പെൻസറികൾ, ഓപ്പൺ സ്റ്റേജ് എന്നിവയുടെ പ്രവർത്തികൾ പൂർത്തീകരിച്ചുവരുന്നു. 71 കോളനികൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 56 പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ളവ 2012 ജൂൺ മാസത്തിൽ പൂർത്തീകരിച്ച് കോളനി നിവാസികളായ സാധാരണക്കാരായ ജനങ്ങൾക്കായി സമർപ്പിക്കുന്നതുമാണ്.

## കൊച്ചി കഫേ കുടുംബശ്രീ

211. നഗരസഭാ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ കാന്റീനുകൾ ആധുനിക രീതിയിൽ 'കൊച്ചി കഫേ കുടുംബശ്രീ' എന്ന പേരിൽ നവീകരിക്കും. ഇതുവഴി കുടുംബശ്രീ കാന്റീൻ നടത്തുന്ന സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കും. ശുചിത്വവും നിലവാരമുള്ളതുമായ ഭക്ഷണങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കും. ഇതിനായി കെ.എസ്.യു.ഡി.പി. ഫണ്ടിൽനിന്നും 10 ലക്ഷം രൂപ ഉപയോഗിക്കും. പദ്ധതി 2012 ജൂണിൽ സുസജ്ജമാക്കും.

## തൊഴിലധിഷ്ഠിത പരിശീലന പദ്ധതി

212. നഗരപ്രദേശത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് വരുമാനദായക പ്രവർത്തികളിൽ ഏർപ്പെടുന്നതിന് ഉതകുന്ന തരത്തിൽ വിവിധ തരത്തിലുള്ള തൊഴിലധിഷ്ഠിത പരിശീലനങ്ങൾ നടപ്പിലാക്കും. വ്യക്തിഗതമായി 10000/- രൂപ വരെ കെ.എസ്.യു.ഡി.പി. ഫണ്ട് ഉപയോഗപ്പെടുത്തി ചെലവഴിക്കും. ഇത്തരത്തിൽ പരിശീലനം ലഭ്യമായവർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്തും. ഇതുവഴി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 40% കുടുംബങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കും.

213. നഗരപ്രദേശത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബ ങ്ങളിലെ ചെറുപ്പക്കാർക്ക് വൈദഗ്ദ്ധ്യ പരിശീലനത്തിന് ശേഷം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ബാങ്ക് ലോൺ സബ്സിഡിയോടുകൂടി ലഭ്യമാക്കും. 10 ലക്ഷം രൂപ വരെ വരുന്ന പ്രോജക്ടുകൾക്ക് 3 ലക്ഷം രൂപ വരെ സബ്സിഡി ഇനത്തിൽ നൽകും. ഇതിന്റെ ഭാഗമായി കാൾ- ടാക്സി-പ്രോജക്ട് ഏപ്രിൽ മാസത്തിൽ സജ്ജമാക്കും. ഇതിനായി 15 ലക്ഷം രൂപ കെ.എസ്.യു.ഡി.പി. ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

## വീട്ടുവളപ്പിൽ പച്ചക്കറി തോട്ടം

214. വീട്ടുവളപ്പിൽ വളർത്തുവാൻ പറ്റുന്ന ജൈവ പച്ചക്കറികളിൽ ചിലതായ ചീര, പാവൽ, കോവൽ, പയർ, വെണ്ട, വഴുതന, തക്കാളി, മുളക്, മുരിങ്ങ എന്നിവയെല്ലാം നന്നായി വളരുകയും നന്നായി ആദായം തരുന്നവയുമാണ്. നഗരങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നവർക്ക് സർക്കാർ സബ്സിഡി ലഭ്യമാണ്. പദ്ധതി നഗരാതിർത്തിയിൽ നടപ്പിലാക്കുന്നതിനായി നഗരസഭാ ധനസഹായമായി നൽകുവാൻ ബജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിക്കുന്നു.

## ഡിസാസ്റ്റർ മാനേജ്മെന്റ്

215. ഡിസാസ്റ്റർ മാനേജ്മെന്റിനുള്ള ഒരു സെൽ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുകയും ദുരന്ത ഘട്ടങ്ങളെ നേരിടാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തയ്യാറാക്കുകയും ചെയ്യും.

## നന്ദി

216. കൊച്ചി നഗരത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ആത്മാർത്ഥതയോടെ ഞങ്ങൾക്കൊപ്പം പ്രവർത്തിക്കുകയും പൂർണ്ണ പിന്തുണ നൽകുകയും ചെയ്ത നിരവധി വിശിഷ്ട വ്യക്തിത്വങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ്, സംസ്ഥാന ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ.എം മാണി, തദ്ദേശസ്വയംവകുപ്പ്

മന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി, പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്, ഫിഷറീസ്-തുറമുഖ-എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബു, എം.എൽ.എ. മാരായ ശ്രീ. ബെന്നി ബഹനാൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ഹൈബി ഈഡൻ എന്നിവരുടെ സഹായവും സഹകരണവും പൂർണ്ണ പിന്തുണയും ഈ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് വൻ മുതൽകൂട്ടായിരുന്നു. കൂടാതെ വകുപ്പ് മേധാവികളായ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സെക്രട്ടറിമാർ, നഗരസഭ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ നഗരസഭ നേതൃത്വത്തിന് നൽകിയ സേവനവും സഹകരണവും നന്ദിയോടെ സ്മരിക്കുന്നു.

217. നഗരസഭയുടെ പ്രവർത്തനങ്ങൾക്ക് എന്നും പൂർണ്ണ പിന്തുണ നൽകിവരുന്ന റെസിഡന്റ്സ് അസോസ്സിയേഷനുകൾ, വ്യാപാര-വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ, ആരോഗ്യ-വിദ്യാഭ്യാസ- സർവ്വീസ്-കലാ-കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾ എന്നിവയ്ക്കും ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു. ഈ നഗരത്തിന്റെ വികസനത്തിന് വേണ്ടി എന്നും മുന്നിൽ നിന്ന നഗരസഭയ്ക്ക് സജീവമായ പിന്തുണ നൽകിവരുന്ന മാധ്യമങ്ങളോടും എന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

## ഉപസംഹാരം

218. ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. വികസനപരവും വികസനേതരവുമായ സാമ്പത്തിക ചെലവുകളും മിത വ്യയത്തിലൂടെയും കർശനമായ അച്ചടക്കത്തിലൂടെയും നിയന്ത്രിക്കേണ്ടതുണ്ട്. ഇവ നടപ്പിൽ വരുത്തുന്നതിന് മുഴുവൻ നഗരസഭാംഗങ്ങളുടേയും ജീവനക്കാരുടേയും ആത്മാർത്ഥവും പരിപൂർണ്ണവുമായ സഹകരണവും പിന്തുണയും അനിവാര്യമാണ്.

219. മലയാളികളുടെ വികസന സ്വപ്നങ്ങളുടെ തേരാളിയാണ് നമ്മുടെ കൊച്ചി. കൊച്ചിയുടെ വികസനം കാംക്ഷിക്കുന്നത് കൊച്ചിക്കാർ മാത്രമല്ല, ലോകത്തെ

ന്മാടുമുള്ള മുഴുവൻ മലയാളികളുമാണ്. ലോകം മുഴുവനുമുള്ള മലയാളികളുടെ സ്വപ്നങ്ങളും പ്രതീക്ഷയും സാക്ഷാത്ക്കരിക്കുന്നതിനുള്ള വലിയൊരു കർമ്മനിയോഗമാണ് കൊച്ചിനഗരസഭാ കൗൺസിലിനുള്ളത്. നമുക്കതിനായി ഒന്നിച്ച് ഒറ്റക്കെട്ടായി ഒരേ കർമ്മപഥത്തിലൂടെ മുന്നേറാം.

സ്നേഹാദരങ്ങളോടെ,

നികുതി-ധനകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി,

**ചെയർപേഴ്സൺ**
**ഭദ്ര ബി.**
**ഡെപ്യൂട്ടി മേയർ**

കൊച്ചി-11
27.03.2012